# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളറട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/റ്റിവിഎം/ജിപി2/319/202310.22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 27/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളറട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/റ്റിവിഎം/ജിപി2/319/202310.22 തീയ്യതി: 27/03/2023

## തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 23-01-2023 | 01-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-01-2023 | 01-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധുലാ ബീവി.എം, ഓഡിറ്റ് ഓഫീസർ

ശ്രീ.അനിൽകുമാർ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ ജോസ്.ഡബ്ല്യൂ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി പ്രീതാജാസ്മിൻ.ഡി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.രാജു.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജ് മോഹൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.അനിൽ കുമാർ.ആർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബൈജു.എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ശാലിനി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി അരുണ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീരാഗ് ആർ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.ഷിബു വിൽസൺ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ2) | 01-04-2021 | 31-03-2022 |
| ശ്രീ. സാംഡേവിഡ് | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി വിനി ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി സർക്കിൾ) | 01-04-2021 | 31-03-2022 |
| ശ്രീ.ഷിബു വിൽസൺ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സി സർക്കിൾ) | 01-04-2021 | 31-03-2022 |
| ശ്രീമതി മഞ്ജു ആർ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.അനിൽ കുമാർ.ആർ.എസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.സുനിൽ.ആർ | മെഡിക്കൽ ഓഫീസർ, അലോപ്പതി | 01-04-2021 | 31-03-2022 |
| ശ്രീമതി ജലജ കുമാരി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി സിംന | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.സജീവ് കുമാർ.എ.എൽ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ക്ഷേമപദ്ധതികൾ | 1-5 |
| 6 | മരിച്ചതിനുശേഷവും സാമൂഹിക സുരക്ഷാ പെൻഷൻ - 159000/- രൂപ അധികം നൽകി. | 1-5-1 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി വാർഷിക ധനകാര്യ പത്രിക പ്രകാരം (ട്രയൽ ബാലൻസ്) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 11 | തനത് വരുമാനം -തൊഴിൽ നികുതിയും സ്ഥാപനതൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. | 1-10 |
| 12 | ലൈസൻസ് നൽകൽ അപൂർണം-തനത് വരുമാനം നഷ്ടപ്പെടുന്നു. | 1-11 |
| 13 | ആഡിറ്റോറിയങ്ങൾ ലൈസൻസ് ഇല്ലാതെയും,സ്ഥാപനതൊഴിൽ നികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു. | 1-12 |
| 14 | ഷോപ്പിംഗ് കോംപ്ലക്സ് -വാടക കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നില്ല. | 1-13 |
| 15 | സർക്കാർ ഉത്തരവില്ലാതെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പനച്ചമൂട് ചന്തയുടെ നവീകരണ പ്രവർത്തനം നാളിതുവരെ പൂർത്തിയാക്കിയില്ല-തനത് വരുമാനം നഷ്ടപ്പെടുന്നു. | 1-14 |
| 16 | പഞ്ചായത്ത് തല ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതാണ് | 1-15 |
| 17 | വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"- എന്നസൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-16 |
| 18 | സി.എഫ്.എൽ.റ്റി.സി.അക്കൗണ്ട്-ബാലൻസ് തുക തിരിച്ചടയ്ക്കേണ്ടതാണ്. | 1-17 |
| 19 | ശ്മശാനത്തിന് സ്ഥലം വാങ്ങൽ - തുടർനടപടികൾ അനിവാര്യം | 1-18 |
| 20 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല- ചെലവ് തുകയായ 200000/- രൂപ തടസ്സപ്പെടുത്തുന്നു | 1-19 |

| | | |
|---|---|---|
| 21 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല- ചെലവ് തുകയായ 107009/- രൂപ തടസ്സപ്പെടുത്തുന്ന | 1-19-1 |
| 22 | ലൈബ്രറി കൗൺസിൽ അംഗീകാരം ഇല്ലാതെ നടത്തിയ പ്രവൃത്തികൾ അംഗീകരിക്കുന്നില്ല-4,65,000/- രൂപ തടസ്സം ചെയ്യുന്നു. | 1-20 |
| 23 | മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പദ്ധതികൾ -9,45,536/- രൂപ തടസ്സപ്പെടുത്തുന്നു. | 1-21 |
| 24 | മരുന്നുകൾലഭ്യമായില്ല-തുടർ നടപടി സ്വീകരിക്കണം | 1-22 |
| 25 | പാലിയേറ്റീവ് കെയർ -ക്രമരഹിതമായി വാഹന വാടക നൽകി | 1-23 |
| 26 | കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.3,68,750/- രൂപ തടസ്സപ്പെടപത്തുന്നു. | 1-24 |
| 27 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- അപൂർണമായ കരാർപത്രങ്ങൾ | 1-25 |
| 28 | ലൈഫ് ഭവന പദ്ധതി,രേഖകൾ ഹാജരാക്കിയിട്ടില്ല-രൂ.15120000/- തടസ്സപ്പെടുത്തുന്നു. | 1-26 |
| 29 | ലക്ഷം വീട് കോളനിയിലെ വീടുകളുടെ പുനരുദ്ധാരണം - 420000/ രൂപ തടസ്സപ്പെടുത്തുന്നു. | 1-27 |
| 30 | ന്യൂ ലൈഫ് ലക്ഷം വീട് കോളനി നവീകരണം-1460000/ രൂപ തടസ്സപ്പെടുത്തുന്നു. | 1-28 |
| 31 | പെർഫോമൻസ് ബെയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം,രേഖകൾ ഹാരാക്കിയിട്ടില്ല- രൂ.3280000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-29 |
| 32 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ - പദ്ധതിക്കായി ചെലവിട്ട രൂ.2250000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-30 |
| 33 | ഗാർഹിക കക്കൂസ് നിർമ്മാണം,വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ തുക നൽകിയിരിക്കുന്നു - രൂ.15400/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-31 |
| 34 | ഹരിതകർമ്മസേനയുടെ ചെലവുകൾ – 207464/- രൂപ തടസ്സപ്പെടുത്തുന്നു. | 1-32 |
| 35 | മൃഗസംരക്ഷണ മേഘലയിലെ പദ്ധതികളുടെ അപേക്ഷകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല. | 1-33 |
| 36 | വാഹന വാടക - ആദായനികുതി ഈടാക്കിയില്ല. | 1-34 |
| 37 | ചെലവ് രേഖകൾ ഹാജരാക്കിയില്ല - 6,82,600/- രൂപ തടസ്സപ്പെടുത്തുന്നു. | 1-35 |
| 38 | ചെലവ് രേഖകളുടെ അഭാവത്തിൽ 72450/- രൂപ തടസ്സപ്പെടുത്തുന്നു. | 1-36 |
| 39 | ലക്ഷങ്ങൾ ചെലവഴിച്ചു - ലക്ഷ്യം കൈവരിച്ചില്ല. | 1-37 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

| ഭാഗം **4** | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് (വാർഷിക ധനകാര്യപത്രിക പ്രകാരം) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്- സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഭരണസമിതിയുടെ 19.02.2021 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. പ്രതീക്ഷിത വരവ് 704335657/- (മുന്നിരിപ്പ് ഉൾപ്പെടെ) രൂപയും പ്രതീക്ഷിത ചെലവ് 699359380/-രൂപയും 4976277/-രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബജറ്റാണ് ഭരണസമിതി അംഗീകരിച്ചിരിക്കുന്നത്. 2021-22 വർഷത്തെ റിവൈസ്ഡ് ബജറ്റ് -ലെ 1ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

1.1. ബജറ്റ് പ്രൊപ്പോസൽ.

സെക്രട്ടറി ബജറ്റ് രൂപീകരണത്തിന് മുന്നോടിയായി നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ഘടക സ്ഥാപനങ്ങളിൽ നിന്നും ആവശ്യപ്പെടണം.ഇത്തരത്തിൽ ഘടകസ്ഥാപനങ്ങളിൽനിന്നും സെക്രട്ടറി പ്രപ്പോസലുകൾ ആവശ്യപ്പെട്ടതിന്റെ രേഖകൾ, നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല .

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

3. ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല.

പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെക്കാൾ അധികമായി തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം(214(5)).എന്നാൽ അത്തരത്തിൽ സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല. 2022-23-ലെ ബജറ്റിനൊപ്പമാണ് 2021-22-ലെ റിവൈസ്ഡ് ബജറ്റ് പാസാക്കിയിട്ടുള്ളത്.

4.ബജറ്റിൽ വകയിരുത്താതെയും അധികമായും തുക ചെലവഴിച്ചു -

ബജറ്റിൽ ഉൾപ്പെടാതെയും അധികമായും താഴെപ്പറയുന്ന ഇനങ്ങൾക്ക് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം | ഇനം, ഹെഡ് കോഡ് (ബജറ്റ് പ്രകാരം ) | AFS പ്രകാരമുള്ള ഹെഡ് കോഡ് | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1. | 2501002-കൃഷിയും അനുബന്ധമേഖലകളും-മറ്റ് വിളകൾ | 250100201 | 60000 | 462500 |
| 2. | 2501046-ക്ഷീരവികസനം-സംഭരണവും വിപണനവും | 250104601 | 1300000 | 1859637 |
| 3. | 2512007-മറ്റ് ആരോഗ്യപദ്ധതികൾ | 251200701 | 0 | 26500 |
| 4. | 2512009- ശുചിത്വം | 251200901 | 400000 | 573413 |
| 5. | 2512026-ശുചിത്വം-മാലിന്യസംസ്കരണം | 251202601 | 0 | 493572 |

2021-22 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | ഹെഡ് കോഡ് (ബജറ്റ് പ്രകാരം ) | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | ധനകാര്യ പത്രിക പ്രകാരം ചെലവ് |
|---|---|---|---|---|
| 1 | 2201001 | വാടക | 20000 | 0 |
| 2 | 2501004 | കൃഷിയും അനുബന്ധമേഖലകളും-മൃഗസംരക്ഷണം | 700000 | 0 |
| 3 | 2501005 | കൃഷിയും അനുബന്ധമേഖലകളും-ക്ഷീരവികസനം | 3000000 | 0 |
| 4 | 2501008 | കൃഷിയും അനുബന്ധമേഖലകളും-നീർത്തടവികസനം | 2600000 | 0 |
| 5 | 2501012 | കൃഷിയും അനുബന്ധമേഖലകളും-വാഴ | 600000 | 0 |
| 6 | 2501026 | കൃഷിയും അനുബന്ധമേഖലകളും-അനുബന്ധ സൗകര്യങ്ങൾ | 500000 | 0 |
| 7 | 2501032 | മൃഗസംരക്ഷണം-ആട് വളർത്തൽ | 1100000 | 0 |
| 8 | 2501040 | മൃഗസംരക്ഷണം-രോഗനിയന്ത്രണം | 300000 | 0 |
| 9 | 2501041 | മൃഗസംരക്ഷണം- അനുബന്ധ സൗകര്യങ്ങൾ | 400000 | 0 |
| 10 | 2501048 | ക്ഷീരവികസനം-പശ്ചാത്തല സൗകര്യങ്ങൾ | 2920000 | 0 |

പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.13/27.01.2023-ന് മറുപടി ലഭ്യമാക്കിയില്ല. ഓരോ സാമ്പത്തിക വർഷത്തെയും പ്രതീക്ഷിത ചെലവുകൾ വിശകലനം ചെയ്ത് ആവശ്യകതയുടെ അടിസ്ഥാനത്തിൽ വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 29.06.2022 |

വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൌണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2.ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽചെലവ് ബുക്ക് ചെയ്തിരിക്കുന്നു. (വരവ് 296623723/- ചെലവ് 298028841/-)

3.2021-22 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില യിൽ ലഭ്യമായ തുക ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

4.ബാലൻസ് ഷീറ്റ് പ്രകാരം ബാദ്ധ്യതയായി നിലനിൽക്കുന്ന ഉണഭോക്തൃ വിഹിതം ( തുക 192590/-) രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5.ബാലൻസ് ഷീറ്റ് B18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റ് ഇനങ്ങളിലെ, (വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, അനർട്ട്) രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
6.ഡിപ്രിസീയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. I 17 (A) യിലെ തുകകൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
7. എം.ജി.എൻ.ആർ.ഇ.ജി.എസ്- ക്യാഷ് ബുക്ക് സംഷിപ്തം രേഖപ്പെടുത്തി ചുമതലയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8.എം.ജി.എൻ.ആർ.ഇ.ജി.എസ്-ഭരണചെലവ്- വാർഷിക ധനകാര്യപത്രികയിലെ തുക(565383) ക്യാഷ് ബുക്കിലെ (955350)തുകയുമായി പൊരുത്തപ്പെടുന്നില്ല.

9.ഇൻകം & എക്സ്പെന്റീച്ചർ ഷെഡ്യൂൾ -18 Prior Period Items - 280100101, 280100104 എന്നീ ഹെഡുകൾ പ്രകാരം

വസ്തുനികുതിയിനത്തിൽ യഥാക്രമം 195313/-, 160119/-തുകകൾ ഒഴിവാക്കിയിട്ടുണ്ട്.ആയതിന്റെ കമ്മിറ്റി തീരുമാനം , അനുബന്ധരേഖകൾ ഹാജരാക്കേണ്ടതാണ്.

10.ഹഡ്കോ വായ്പ- വായ്പ രജിസ്റ്റർ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതിനാൽ ലഭിച്ച തുക, തിരിച്ചടച്ച തുക, തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക എന്നിവയുടെ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

11.ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ ഡെപ്പോസിറ്റ് തുകകളുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിന് ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

12. Rent Deposit- ധനകാര്യപത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

| മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|
| 242286 | 0 | 0 | 240486 |

13.ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം 350300199 എന്ന ഹെഡിൽ Government And Other Dues Payable Others എന്നയിനത്തിൽ 16790/- രൂപ ഏതിനത്തിൽ നൽകാനുള്ള തുകയാണെന്ന് അറിയിക്കേണ്ടതാണ്.

14.ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ പ്രകാരമുള്ള തുകയും (89194739) ബി-16 ഷെഡ്യൂൾ പ്രകാരമുള്ള തുകയും (97569649) തമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

15.Advance To Others എന്നയിനത്തിൽ ധനകാര്യപത്രികയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | വർഷാദ്യം തിരികെ ലഭിക്കാനുണ്ടായിരുന്ന തുക | തൻവർഷം നൽകിയ തുക (ധനകാര്യ പത്രിക പ്രകാരം) | തൻവർഷം തിരികെ ലഭിച്ച തുക | വർഷാവസാനം തിരികെ ലഭിക്കാനുള്ള തുക (ധനകാര്യപത്രിക പ്രകാരം) | വ്യത്യാസം |
|---|---|---|---|---|---|
| Advance To Others | 1620728 | 2155336 | 228800 | 2820714 | 726550 |

16.ഡി&ഒ ലൈസൻസ്, വസ്തുനികുതി, എന്നിവയുടെ സംക്ഷിപ്തം രേഖപ്പെടുത്തിയ (ഡിമാന്റ്, കളക്ഷൻ, ബാലൻസ് )സ്റ്റേറ്റ്മെന്റ്/ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

17.എസ്.ബി.ഐ-ലൈഫ് ബാങ്ക് അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

18.ജലജീവൻ മിഷൻ Beneficiary Share അക്കൌണ്ടിന്റെ നീക്കിയിരിപ്പ് വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയും (302139) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയുമായി( 3043442) പൊരുത്തപ്പെടുന്നില്ല.

19.ജലനിധി Old Gp Share (7281) അക്കൌണ്ട് - വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയും (308330) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയുമായി( 361036) പൊരുത്തപ്പെടുന്നില്ല.

20.ജലനിധി പ്രോജക്ട്-ബാങ്ക് ഓഫ് ബറോഡയുടെ (New State Share) അക്കൌണ്ടിലെ നീക്കിയിരിപ്പ് തുക (278224) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയുമായി (1925599) തുകയുമായി പൊരുത്തപ്പെടുന്നില്ല.

21.ചുവടെ ചേർക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസിലീയേഷൻ ഹാജരാക്കിയില്ല.

| | |
|---|---|
| 1. | കേരള ഗ്രാമീൺ ബാങ്ക്-Distress Relief |
| 2. | കേരള ഗ്രാമീൺ ബാങ്ക്- Green Protocol |
| 3. | വിജയ ബാങ്ക്- സാക്ഷരത |
| 4. | SD TSB Defferred Salary 2020-covid |
| 5. | Covid -CFLTC STSB |

22.തനത് ഫണ്ട് അക്കൌണ്ടിന്റെ 2022 മാർച്ച് മാസത്തെ റീകൺസിലീയേഷൻ പത്രിക പ്രകാരം Cheques Issued But Not Presented In To Bank എന്നയിനത്തിൽ കളക്ഷനാകാത്ത തുകകൾ കളക്ഷനായതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| അക്കൌണ്ട് | ചെക്ക് നം | തീയതി | തുക |
|---|---|---|---|
| യൂണിയൻ ബാങ്ക് തനത് ഫണ്ട് | 63212 | 28.03.21 | 6490 |
| | 2052960 | 06.11.2020 | 541 |
| | 2025849 | 15.07.2020 | 538 |
| | 2050189 | 14.02.2020 | 5000 |

| | | | |
|---|---|---|---|
| | 2044814 | 10.01.2020 | 445 |
| | 2044724 | 18.11.2020 | 1500 |
| | 2044772 | 18.12.2020 | 500 |

23. Profession Tax – Institutions/professionals/ Traders കുടിശികയിനത്തിൽ തൻവർഷം ലഭ്യമായ 13750/- രൂപ മുൻ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി-15-ൽ ഉൾപ്പെടുത്തിയിരുന്നില്ല.

24. റസീറ്റ് ആൻഡ് പേയ്മെന്റ് ആർ.പി -7 ഷെഡ്യൂൾ പ്രകാരമുള്ള വിവിധ ഗ്രാന്റ് തുകകൾ എ.സി.ആർ മായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | വാർഷിക ധനകാര്യപത്രിക പ്രകാരം | എ.സി.ആർ പ്രകാരം |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1642374 | 16666369 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 9983908 | 10697904 |
| സി.എഫ്.സി (Tied) | 4994915 | 6093797 |
| സി.എഫ്.സി ( Untied) | 678017 | 6314894 |

25. വാർഷിക കണക്കുകളിലെ ബാലൻസ്ഷീറ്റ് ബി-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള വിവിധ തുകകൾക്ക് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാത്തതായി കാണുന്നു.

| ഹെഡ് | | 31.03.2021 ലെ നീക്കിയിരുപ്പ് | 31.03.2022ലെ നീക്കിയിരുപ്പ് |
|---|---|---|---|
| 320100115 | Total Sanitation Campaign | 1172441 | 1172441 |
| 320100103 | Total Sanitation | 151500 | 151500 |

വിവിധ ഏജൻസികൾ ലഭ്യമാക്കിയിട്ടുള്ള തുകകൾ വിനിയോഗിക്കാത്തതിനു മറുപടി ലഭ്യമാക്കേണ്ടതാണ്.

26.സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക , ചെലവ് , നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| വിഹിതം നൽകിയ സ്ഥാപനം | 2020-21 ധനകാര്യ പത്രിക ബി-4 ഷെഡ്യൂൾ പ്രകാരം | 2021-22ധനകാര്യ പത്രിക ആർ-പി-7 ഷെഡ്യൂൾ പ്രകാരം | സുലേഖ പത്രിക പ്രകാരം | 2021-22ധനകാര്യ പത്രിക ബി-4 ഷെഡ്യൂൾ പ്രകാരം | വ്യത്യാസം |
|---|---|---|---|---|---|
| | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് | |
| ജില്ലാപഞ്ചായത്ത് | 1057912 | 3641418 | 3721418 | 1057912 | 80000 |
| ബ്ലോക്ക് പഞ്ചായത്ത് | 1852593 | 2035949 | 2278082 | 1852593 | 242133 |

പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.11/27.01.23 ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് – ചെലവ് – നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16691197 | 16691197 | 28041003 | -11349806 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6660777 | 6660777 | 6243020 | 417757 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 391051 | 391051 | 394999 | -3948 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 19016500 | 19016500 | 6093797 | 12922703 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-untied) | 0 | 7048535 | 7048535 | 6314894 | 733641 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 10961152 | 10961152 | 9983908 | 977244 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 24845280 | 24845280 | 21310710 | 3534570 |

| | | | | | |
|---|---|---|---|---|---|
| സി.എസ്.എസ് | 0 | 0 | 0 | 4203408 | -4203408 |
| എസ്.എസ്.എസ് | 0 | 0 | 0 | 3300000 | -3300000 |

1.വിവിധ ഗ്രാന്റുകളുടെ എ.സി.ആർ പ്രകാരമുള്ള ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| ഇനം | ചെലവ് തുക | |
|---|---|---|
| | എ.സി.ആർ പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| വികസന ഫണ്ട് (ജനറൽ) | 16666369 | 28041003 |
| വികസന ഫണ്ട് (എസ്.സി.പി) | 6010797 | 6243020 |
| വികസന ഫണ്ട് (ടി.എസ്.പി) | 328650 | 394999 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 10697904 | 9983908 |

2.പട്ടികജാതി ഉപദ്ധതി വിഹിതം പാഴായി

29.01.2018-ലെ, സ ഉ നം 11/2018/തസ്വഭവ പ്രകാരമുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 6.1(1)-ൽ പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കുവാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല.എന്നാൽ തൻവർഷം 417757 /- ചെലവഴിക്കാതെ പാഴായി

3.സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്.30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1. | 320700204 | ബ്ലോക്ക് പഞ്ചായത്ത് | 1017365 |
| 2. | 320700404 | ബ്ലോക്ക് പഞ്ചായത്ത് | 835228 |
| 3. | 320700405 | ജില്ലാ പഞ്ചായത്ത് | 1057912 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-18/28.01.2023- ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | പ്രോജക്ടുകൾ അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| I | കൃഷി ഓഫീസർ | 11 | 1185919 | 6 | 567577 | 1 | 4 | 47.9 |
| Ii | വെറ്ററിനറി സർജൻ | 8 | 8623000 | 1 | 1628737 | 3 | 4 | 18.9 |
| Iii | മെഡിക്കൽ ഓഫീസർ - CHC | 3 | 3791000 | 2 | 3191687 | 1 | 0 | 84.2 |
| Iv | മെഡിക്കൽ ഓഫീസർ - ആയുർവേദം | 2 | 950000 | 2 | 950000 | 0 | 0 | 100 |
| V | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15 | 302403573 | 8 | 22852864 | 2 | 5 | 50 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| Vi | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 6159000 | 2 | 4625255 | 1 | 7 | 20 |
| Vii | സെക്രട്ടറി | 46 | 40037844 | 23 | 26111534 | 3 | 20 | 65.1 |
| Viii | അസിസ്റ്റന്റ് സെക്രട്ടറി | 12 | 7145400 | 6 | 4846078 | 2 | 4 | 67.8 |
| Ix | അസിസ്റ്റന്റ് എഞ്ചിനീയർ | 120 | 44281950 | 96 | 32997542 | 0 | 24 | 80 |
| X | ഡയറിഫാം ഇൻസ്പെക്ടർ | 2 | 3900000 | 2 | 2101770 | - | - | 100 |
| Xi | ഹെഡ്മാസ്റ്റർ | 5 | 8672000 | 4 | 7669207 | - | 1 | 80 |
| Xii | ഫിഷറീസ് ഇൻസ്പെക്ടർ | 1 | 615000 | - | 0 | - | 1 | 0 |

## 1-5 ക്ഷേമപദ്ധതികൾ

2021-22 വർഷം നടപ്പാക്കിയ വിവിധ ക്ഷേ പദ്ധതികളുടെ വിശദാംശം

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 16089300 | 1066 |
| വിധവാ പെൻഷൻ | 34575200 | 2273 |
| വാർദ്ധക്യകാല പെൻഷൻ | 61619500 | 4536 |
| വികലാംഗ പെൻഷൻ | 11518900 | 760 |
| വിവാഹ ധനസഹായം | 750000 | 25 |
| അവിവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 868800 | 57 |

## 1-5-1 മരിച്ചതിനുശേഷവും സാമൂഹിക സുരക്ഷാ പെൻഷൻ - 159000/- രൂപ അധികം നൽകി.

ഓഡിറ്റിന് ലഭ്യമാക്കിയ 2021-22 ലെ മരണ രജിസ്ട്രേഷൻ അപേക്ഷകൾ പരിശോധിച്ചതിൽ നിന്ന് പെൻഷൻ വാങ്ങിയിരുന്ന വ്യക്തികൾ മരിച്ചതിനുശേഷവും സാമൂഹിക സുരക്ഷാ പെൻഷൻ നൽകിയിരിക്കുന്നതായി കണ്ടെത്തി. വിശദവിവരം ചുവടെ,

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ.ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | അധികം നൽകിയ തുക | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | രത്തിനം | 102890202347 | വാർദ്ധക്യകാല പെൻഷൻ | 27.05.21 | 4800/-( 3*1600) | സസ്പെൻഡ് |
| 2 | സുന്ദരൻ | 102890200672 | വാർദ്ധക്യകാല പെൻഷൻ | 17.05.21 | 1600/- (1*1600) | സസ്പെൻഡ് |
| 3 | പാലയ്യൻ നാടാർ | 102890201858 | വാർദ്ധക്യകാല പെൻഷൻ | 14.04.21 | 1600/- (1*1600) | സസ്പെൻഡ് |
| 4 | പുഷ്പം. എൻ. | 102890203098 | വാർദ്ധക്യകാല പെൻഷൻ | 18.05.21 | 1600/- (1*1600) | സസ്പെൻഡ് |
| 5 | സേതു ബായി | 102890400206 | ഡിസബിലിറ്റി പെൻഷൻ | 08.05.21 | 1600/- (1*1600) | സസ്പെൻഡ് |
| 6 | പൊന്നമ്മ.സി | 102890600678 | വിധവ പെൻഷൻ | 18.05.21 | 1600/- (1*1600) | സസ്പെൻഡ് |
| 7 | തമരീസ് | 102890101659 | കർഷക തൊഴിലാളി പെൻഷൻ | 18.07.21 | 1600/- (1*1600) | സസ്പെൻഡ് |
| 8 | സത്യദാസ് | 102890101299 | കർഷക തൊഴിലാളി പെൻഷൻ | 28.07.21 | 1600/- (1*1600) | സസ്പെൻഡ് |
| 9 | ഷഹാബുദ്ദീൻ | 102890202941 | വാർദ്ധക്യകാല പെൻഷൻ | 16.10.21 | 19200/( 12*1600) | ആക്ടീവ് |
| 10 | സുന്ദരി.എൻ | 102890101443 | കർഷക തൊഴിലാളി പെൻഷൻ | 22.12.21 | 600/- (1*600) | സസ്പെൻഡ് |
| 11 | സ്റ്റാൻലി.ബി | 102890202726 | വാർദ്ധക്യകാല പെൻഷൻ | 28.02.22 | 14400/ (9*1600) | ആക്ടീവ് |
| 12 | ശാരദ | 102890600531 | വിധവ പെൻഷൻ | 30.01.22 | 4800/- (3*1600) | ആക്ടീവ് |
| 13 | ദേവദാസൻ നാടാർ | 102890100260 | കർഷകതൊഴിലാളി പെൻഷൻ | 05.02.22 | 14400/-(9*1600) | ആക്ടീവ് |

| | | | | | | |
|---|---|---|---|---|---|---|
| 14 | ശാന്ത.എ | 102890203478 | വാർദ്ധക്യകാല പെൻഷൻ | 20.02.22 | 14400/-(9*1600) | ആക്ടീവ് |
| 15 | രാഘവൻ നായർ.കെ | 102890202808 | വാർദ്ധക്യകാല പെൻഷൻ | 01.03.22 | 12800/-(8*1600) | ആക്ടീവ് |
| 16 | സത്യനേശൻ | 102890203809 | വാർദ്ധക്യകാല പെൻഷൻ | 14.03.22 | 12800/-(8*1600) | ആക്ടീവ് |
| 17 | ദാനമ്മ.ആർ | 102890201659 | വാർദ്ധക്യകാല പെൻഷൻ | 24.01.22 | 16000/ (10*1600) | ആക്ടീവ് |
| 18 | പത്രോസ്.പി | 102890101601 | കർഷകതൊഴിലാളി പെൻഷൻ | 25.11.21 | 19200/ (12*1600) | ആക്ടീവ് |
| 19 | തങ്കമ്മ | 102890100581 | കർഷകതൊഴിലാളി പെൻഷൻ | 19.12.21 | 1600/- (1*1600) | സസ്പെൻഡ് |
| 20 | താമരാക്ഷി | 102880100552 | കർഷകതൊഴിലാളി പെൻഷൻ | 29.12.21 | 6400/- (4*1600) | സസ്പെൻഡ് |
| 21 | വിജയൻ | 102890203116 | വാർദ്ധക്യകാല പെൻഷൻ | 11.12.21 | 6400/- (4*1600) | ആക്ടീവ് |
| | | | ആകെ | | 159000/- | |

ധനകാര്യ വകുപ്പിന്റെ 05.11.2020 ലെ 67/2020 ലെ സർക്കുലർ പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും ഗുണഭോക്തൃലിസ്റ്റിൽ നിന്ന് ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 02.08.21 ലെ 63/2021 സർക്കുലർ പ്രകാരം പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ളപക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം തീയതിക്കു മുമ്പ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് മരണപ്പെട്ട/ അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മരണപ്പെട്ട മുഴുവൻ പേരെയും പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കി തുടർനടപടികൾ സ്വീകരിച്ച് പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.2023, 4.30 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 106686/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണ സംവിധാനം

1) 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2021 ൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

3) ISO പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) CFLTC പ്രവർത്തനത്തിനത്തിന്റെ വരവ്-ചെലവ് അംഗീകരിച്ചിട്ടില്ല. CFLTC യുടെ അക്കൗണ്ടിലെ ബാലൻസ് തുക തിരികെ അടയ്ക്കേണ്ടതാണ്.

5) വർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ ഖണ്ഡികയിൽ ചേർത്തിട്ടുണ്ട്.

6) മരണപ്പെട്ടവരുടെ പെൻഷൻ തുക നല്കുന്നത് ഒഴിവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

7) ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

8) മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടിലെ ചെലവ് വിവരങ്ങൾക്കാധാരമായ രേഖകൾ ഹാജരാക്കിയില്ല. പദ്ധതി നിർവ്വഹണം കൃത്യമായ മോണിറ്ററിംഗിലൂടെ മികവുറ്റതാക്കേണ്ടതുണ്ട്.

## 1-8 തൊഴിലുറപ്പ് പദ്ധതി വാർഷിക ധനകാര്യ പത്രിക പ്രകാരം (ട്രയൽ ബാലൻസ്)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 329464 | 1093677 | 1423141 | 1420661 | 2480 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 401116792 | 401116792 | 401116792 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 329464 | 402210469 | 402539933 | 402537453 | 2480 |

രസീത് & പേയ്മെന്റ് പ്രകാരം പ്രസ്തുത അക്കൗണ്ടിലുള്ള ഭരണചെലവുകളിൽ 565383/- ആണ്. വ്യത്യാസം പൊരുത്തപ്പെടുത്തേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01/01/2023 | 01/09/22 മുതൽ 31/12/2022 വരെ |
| അക്കൗണ്ടൻറ് ജനറൽ | വിവരം ലഭ്യമല്ല | 2013-14 മുതൽ 2017-18 വരെ |

## 1-10 തനത് വരുമാനം -തൊഴിൽ നികുതിയും സ്ഥാപനതൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

1994-ലെകേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205(എ-കെ),വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം അറുപതു ദിവസത്തിൽ കുറയാതെഇടപാടു നടത്തുന്ന ഓരോ കമ്പനിയുടേയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലായെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. വകുപ്പ് 205 പ്രകാരം ബില്ലോ, ഡിമാന്റ് നോട്ടീസോ ലഭിച്ചതിനുശേഷം ഓഫീസ് തലവൻ/തൊഴിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവു ചെയ്തോ വസൂലാക്കിയോ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിൽ അടവാക്കേണ്ടതുമാണ്. വകുപ്പ് സി-പ്രകാരം തൊഴിൽഉടമയോട് ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടാവുന്നതാണ്. 203 എഫ് പ്രകാരം ഓരോ അർദ്ധവർഷത്തിലും മെയ്, നംവബർ മാസങ്ങളിൽ നോട്ടീസ് മൂലം ഓഫീസ് മേധാവിയോട് ഓരോ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തി നോട്ടീസിലെ പട്ടികയ്ക്ക് അനുസരിച്ച് നികുതി അടവാക്കാൻ ആവശ്യപ്പെടേണ്ടതുമാണ്.

2021-22 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും, തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

A.

| സ്ഥാപനം | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
|---|---|---|
| മുത്തൂറ്റ് നിധി | 1050/-രൂപ അടവാക്കി | അടവാക്കിയില്ല. |
| വെറ്റ് മെമ്മോറിയൽ കോളേജ് ഓഫ് ആട്സ് ആന്റ് സയൻസ് | 6120/-രൂപ അടവാക്കി | അടവാക്കിയില്ല. |
| വെറ്റ് മിഷൻ ഹോസ്പിറ്റൽ പനച്ചമൂട് | 1080/-അടവാക്കി | അടവാക്കിയില്ല. |
| ഭാരത് ഗ്യാസ് വെള്ളറട | 9000/-അടവാക്കി | അടവാക്കിയില്ല. |
| പനച്ചമൂട് SCB.T126 | 18750/-അടവാക്കി | അടവാക്കിയില്ല. |
| പി.ആർ .എസ് .കോളേജ് ഓഫ് എൻജിനിയറിംഗ് ആന്റ് ടെക്നോളജി | 18230/-രൂപ അടവാക്കി | അടവാക്കിയില്ല. |

B.സ്ഥാപന തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ.

| സ്ഥാപനം | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
|---|---|---|
| മുത്തൂറ്റ് വെള്ളറട | 1250/-അടവാക്കി | അടവാക്കിയില്ല. |
| ബാങ്ക് ഓഫ് ബറോഡ | ,, | ,, |
| മുത്തൂറ്റ് നിധി | ,, | ,, |
| കേരളാ ഗ്രാമീൺ ബാങ്ക് | ,, | ,, |
| വെള്ളറട പഞ്ചായത്ത് പ്രൈമറി അഗ്രികൾച്ചറൽ കോ.ഓപ്പറേറ്റീവ് സൊസൈറ്റി | ഒന്നാം അർദ്ധവർഷം അടവാക്കിയില്ല. | ,, |
| ഭാരത് ഗ്യാസ് വെള്ളറട | ,, | ,, |
| പനച്ചമൂട് SCB.T126 | ,, | ,, |

മേൽ വിവരിച്ച സ്ഥാനപങ്ങളിൽ നിന്നും തൊഴിൽ നികുതിയും സ്ഥാപനതൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും,ഈടാക്കിയിട്ടില്ലായെങ്കിൽ ആയതിനുള്ള വിശദീകരണവും ലഭ്യമാക്കാനും, കൂടാതെ പ്രസ്തുത

സ്ഥാപനങ്ങളിൽ നിന്നും നികുതി അടവാക്കാൻ ഡിമാൻഡ് നോട്ടീസുകൾ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 28/2023 -ന് മറുപടി ലഭ്യമാക്കിയില്ല. 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 234(3)പ്രകാരം യഥാസമയം നടപടി എടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ,മറ്റു സംഖ്യകളോ കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ ഉദ്യോഗസ്ഥരുടേയോ വീഴ്ചമൂലമാണെന്ന് കാണുകയും ചെയ്താൽ, അങ്ങനെ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12%പലിശ സഹിതം കാരണക്കാരായ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കാം.ആയതിനാൽ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 3മാസത്തിനകം മേൽ വിവരിച്ച സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത നികുതിയും സ്ഥാപനതൊഴിൽ നികുതിയും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നികുതിചോർച്ച തടയുന്നതിനായി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി സത്വര നടപടിയും സ്വീകരിക്കേണ്ടതുമാണ്.

## 1-11 ലൈസൻസ് നൽകൽ അപൂർണം-തനത് വരുമാനം നഷ്ടപ്പെടുന്നു.

കേരള പഞ്ചായത്ത് രാജ് വകുപ്പ് 232 പ്രകാരം പഞ്ചായത്ത് ലൈസൻസ് ഇല്ലാതെ ഒരാവശ്യത്തിനും പഞ്ചായത്തിലെ സ്ഥലങ്ങൾ ഉപയോഗിക്കാവുന്നതല്ല. പഞ്ചായത്ത് രാജ് ചട്ടം 5 പ്രകാരം ആയതിന് അപേക്ഷനൽകി ലൈസൻസ് നേടേണ്ടതുമാണ്. 2021-22 വർഷത്തിൽ വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയ രജിസ്റ്ററും സ്റ്റാറ്റസ് റിപ്പോർട്ടും പരിശോധിച്ചതിൽ സ്റ്റാറ്റസ് റിപ്പോർട്ടിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുള്ള ചുവടെ വിവരിക്കുന്നസ്ഥാപനങ്ങൾക്ക് 2021-22 വർഷത്തിൽ ലൈസൻസ് നൽകിയിട്ടില്ലായെന്ന് കണ്ടെത്തി.

A.

1.ഡയറി ഫാം-11എണ്ണം

2.ഗോട്ട് ഫാം- 1 എണ്ണം

3.ക്ഷീര സംഘങ്ങൾ-6 എണ്ണം.

4.ഉദയം-എണ്ണ നിർമ്മാണം.

5.ആദം ഫൈനാൽസ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യസ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി സത്വര നടപടി സ്ഥീകരിക്കേണ്ടതും തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

B.അനധികൃത അറവുശാലകൾ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും )ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു പൊതുകശാപ്പുശാലയിലോ, ലൈസൻസ് ഉള്ള കശാപ്പുശാലയിലോ വെച്ചല്ലാതെ യാതൊരാളും കന്നുകാലി, പന്നി മുതലായവ ആഹാരസാധനമായി വിൽക്കാൻ പാടില്ലായെന്ന് അറിയിക്കേണ്ടതും, അത്തരം പ്രവർത്തനങ്ങളെ നിരോധിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് പ്രസിദ്ധീകരിച്ച സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം അംഗീകാരം ഇല്ലാതെ 10 അറവുശാലകൾ പ്രവർത്തിക്കുന്നുവെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അത്തരം സ്ഥാപനങ്ങൾക്ക് എതിരെ സ്ഥീകരിച്ച നടപടികളുടെ വിവരവും , മുകളിൽ വിവരിച്ച സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാത്തതിനുള്ള കാരണവും അറിയിക്കാൻ നൽകിയ അന്വേഷണകുറിപ്പ് 19 /23 -ന് മറുപടി ലഭ്യമാക്കിയില്ല.

## 1-12 ആഡിറ്റോറിയങ്ങൾ ലൈസൻസ് ഇല്ലാതെയും,സ്ഥാപനതൊഴിൽ നികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു.

വിവരാവകാശ നിയമം 2005പ്രകാരം 2021-2022-സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ ലഭിച്ച അപേക്ഷകൾക്ക് നൽകിയ ചില മറുപടികൾ പരിശോധിച്ചതിൽ 5/5/2021- ലെ എ3-3454/21 നമ്പർ ഫയൽ പ്രകാരം ഗ്രാമപഞ്ചായത്തിൽ എത്ര ആഡിറ്റോറിയങ്ങൾ പ്രവർത്തിക്കുന്നുവെന്നുള്ള അന്വേഷണത്തിന് വിവരാവകാശ നിയമപ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ചുവടെ വിവരിക്കുന്ന ആഡിറ്റേറിയങ്ങൾ പ്രവർത്തിക്കുന്നതായി വിവരം നൽകി.

| വാർഡ് | പേര് | സ്ഥലം |
|---|---|---|
| 3/332 | ആഡിറ്റോറിയം | ആനപ്പാറ |
| 4/53 | ആഡിറ്റോറിയം (ഹോളിക്രോസ്സ്) | ,, |
| 4/511 | കമ്മ്യൂണിറ്റി ഹാൾ | മണലി |
| 9/364 | കെ.പി.എൻ. ഹാൾ | കാരമൂട് |
| 10/546 | ആഡിറ്റോറിയം | ചാരുംകുഴി |
| 10/739 | ആഡിറ്റോറിയം | ചാരുംകുഴി |
| 11/389 | ആഡിറ്റോറിയം | |

| | | |
|---|---|---|
| 13/216 | ആഡിറ്റോറിയം | |
| 15/83 | കന്യാ കല്യാണമണ്ഡപം | പനച്ചമൂട് |
| 20/168 | ആഡിറ്റോറിയം,എസ്.എൻ.ഡി.പി. | മുള്ളിലവുവിള |
| 23/303 | ആഡിറ്റോറിയം | |

മേൽ വിവരിച്ച ആഡിറ്റോറിയങ്ങൾക്ക് ലൈസൻസ് നൽകിയതിന്റെയും, സ്ഥാപനതൊഴിൽ നികുതി ഈടാക്കിയതിന്റെയും രേഖകൾ ലഭ്യമാക്കാനും, അടവാക്കിയിട്ടില്ലായെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് ഡിമാൻഡ് നോട്ടീസുകൾ നൽകിയതിന്റെ രേഖകളും ഓഡിറ്റിന് ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 31/23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232, 233 പ്രകാരവും 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരവും ഏതൊരു വ്യാപാരസ്ഥാപനവും ആരംഭിക്കുന്നതിനു മുമ്പ് ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 10 പ്രകാരം ലൈസൻസ് ഓരോ വർഷവും പുതുക്കേണ്ടതുമാണ്.ലൈസൻസ് ഫീസ് ഇനത്തിൽ സമാഹരിക്കുന്ന തുക തനതു ഫണ്ടിലേയ്ക്കുള്ള പ്രധാന വരുമാന സ്രോതസ്സായതിനാലും ലൈസൻസ് നൽകുകയെന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും മേൽ വിവരിച്ച സ്ഥാപനങ്ങൾക്ക് നിയമാനുസൃത ലൈസൻസ് നൽകിയും,സ്ഥാപനതൊഴിൽ നികുതി ഈടാക്കിയും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.പഞ്ചായത്തിന്റെ തനത് ഫണ്ടിൽ മുതൽ കൂട്ടേണ്ട എല്ലാ വരുമാനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-13 ഷോപ്പിംഗ് കോംപ്ലക്സ് -വാടക കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നില്ല.

പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിസിലെ കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത കടമുറികൾ വാടകയ്ക്ക് എടുത്ത വ്യക്തികൾ വാടകതുക കൃത്യമായി നൽകിയിട്ടില്ലായെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തി. A1-1610/2022(തിയതി-2-3-2022) ഫയൽ പ്രകാരം ചുവടെ വിവരിക്കുന്ന കുടിശ്ശികക്കാരോട് തുക അടവാക്കാൻ പഞ്ചായത്ത് നോട്ടീസ് അയച്ചു.

| കുടിശ്ശികക്കാരന്റെ പേര് | കടമുറി നമ്പർ | 2021-22 വരെയുള്ള കുടിശ്ശിക |
|---|---|---|
| ശ്രീ.കോലപ്പൻപിള്ള | 1 | 41111/- |
| സോമൻ നായർ | 2 | 41902/- |
| മജീദ്.എ | 3 | 137616/- |
| ശിവരാജൻ | 5 | 2160/- |
| സക്കീർ ഹുസൈൻ | 7 | 19355/- |
| അഹമ്മദ് കണ്ണ് ഭാര്യ സൈനബാബീവി | 9 | 2790/- |
| മുഹമ്മദ് ഹസ്സൻ | 13 | 38493/- |
| ഹോജാ മൊയ്ദീൻ | 14 | 109576/- |
| വിനോദ് | 16 | 23454/- |
| നാസറുദീൻ | 20 | 48624/- |
| റിജി | 21 | 14859/- |
| ശ്രീമതി.പാലമ്മ | 32 | 7740/- |
| കബീർ | 33 | 7677/- |
| സെയ്യദ് | 34 | 9189/- |
| ക്രിസ്തുദാസ് | 59 | 7299/- |
| ഷമീർ | 63 | 15040/- |
| രാജശേഖരൻ നായർ | 8 | 19755/- |
| ആകെ | | 546640/- |

ഇപ്രകാരം നോട്ടീസുകൾ നൽകിയതായി കണ്ടെത്തിയതിനെ തുടർന്ന് നൽകിയ അന്വേഷണകുറിപ്പ് 38/23 പ്രകാരം പഞ്ചായത്തിന്റെ കീഴിലുള്ള ഷോപ്പിംഗ് കടമുറികൾ എത്രയെന്നും, വാടകകുടിശ്ശിക എത്രയാണെന്നും അറിയിക്കുവാൻ ആവശ്യപ്പെട്ടു. ആയതിന് സമർപ്പിച്ച വാടക രജിസ്റ്റർ കാലികമാക്കിയിട്ടില്ലായെന്നും, കുടിശ്ശിക തുക ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലായെന്നും കണ്ടെത്തി. ആയതിനാൽ കുടിശ്ശികയുടെ കൃത്യത കണ്ടെത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. കൂടാതെ2021-22 വർഷത്തിൽ വാണിജ്യ സമുച്ചയത്തിലെ കടമുറികൾ ലേലം ലഭിച്ചവർ സമർപ്പിച്ചിരിക്കുന്ന അപേക്ഷകളിലും,കരാർപത്രങ്ങളിലും ആവശ്യമായ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.പഞ്ചായത്തിന്റെ വാണിജ്യ കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററിൽ അവശ്യംവേണ്ട രേഖപ്പെടുത്തലുകൾ ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താതെ അപൂർണമായി കാണുന്നു. ഇപ്രകാരമുള്ള അപാകങ്ങൾ ഭാവിയിൽ വാടക കുടിശ്ശിക നഷ്ടപ്പെടാൻ കാരണമാകാം. പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടുന്ന വാടക ലഭിക്കുന്ന കടമുറികളുടെ വിവരങ്ങളും, ലഭ്യമാകേണ്ട കുടിശ്ശിക തുകയും വ്യക്തമായി രേഖപ്പെടുത്താതെ രജിസ്റ്റർ സൂക്ഷിക്കുന്നത് അംഗീകരിക്കാവുന്നതല്ല. കുടിശ്ശിക പിരിച്ചെടുക്കുവാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച്

പിരിച്ചെടുക്കേണ്ടതും തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 സർക്കാർ ഉത്തരവില്ലാതെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പനച്ചമൂട് ചന്തയുടെ നവീകരണ പ്രവർത്തനം നാളിതുവരെ പൂർത്തിയാക്കിയില്ല-തനത് വരുമാനം നഷ്ടപ്പെടുന്നു.

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിന്റെ നല്ലൊരുഭാഗം ലഭിക്കുന്ന പനച്ചമൂട് ചന്ത ഹൈടെക് മത്സ്യ ചന്തയാക്കി ആധുനികവത്ക്കരിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 5.50കോടി രൂപയുടെ കരട് പദ്ധതി അനുവദിച്ച് സർക്കാർ ഉത്തരവായെന്നും ആയതിന് ചന്ത സ്ഥിതിചെയ്യുന്ന സ്ഥലം കിഫ്ബിയ്ക്ക് വിട്ടുനൽകാനും 24/12/2019-ലെ 11(5)നമ്പർ തീരുമാനപ്രകാരം ഭരണ സമിതി ഏകകണ്ഠമായി തീരുമാനിച്ചു. എന്നാൽ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവോ കിഫ്ബിയിൽ നിന്നുള്ള ഏതെങ്കിലും കത്തോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രസ്തുത പ്രോജക്ട് നടപ്പിലാക്കാൻ ചുമതലപ്പെട്ട കേരള സ്റ്റേറ്റ് കോസ്റ്റൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 24-2-2020-ലെ 1089/a /2019/kscdcനമ്പർ കത്ത് പ്രകാരം നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടങ്ങൾ പൊളിച്ചുനീക്കാമെന്നുള്ള തീരുമാനവും, രണ്ട് നിലകളിലായി Gf-1477m2,FF-1365 M2എന്ന രീതിയിലുള്ള കെട്ടിടം നിർമ്മിക്കാനുള്ള രൂപരേഖ അംഗീകരിച്ച് നൽകാനും ആവശ്യപ്പെട്ടു. Kscadc 11-8-20-ലെ 2265/a/2020-ാം നമ്പർ കത്ത് പ്രകാരം 4,6282834/-രൂപയുടെ അന്തിമ പദ്ധതി കിഫ്ബി അംഗീകരിച്ചതായും പൊളിച്ചു നീക്കേണ്ടതായ കെട്ടിടങ്ങൾ കിഫ്ബി പദ്ധതിയുടെ നിർമ്മാണ കരാറുകാരൻ വഴി മൂല്യ നിർണയം നടത്തി ലേലതുക Kscadc വഴി ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതാണെന്ന് അറിയിച്ചു. എന്നാൽ ഇത്തരത്തിൽ ഒരു അംഗീകൃത രൂപരേഖയും ഓഡിറ്റിൽ ഹാജരാക്കിയില്ല. 15/2/21-ലെ A3/1147/21നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറോട് ടോയിലറ്റ് ഉൾപ്പടെ 26 കോൺക്രീറ്റ് കടമുറികളും, 12ഷീറ്റ് മേഞ്ഞ കടമുറികളും പൊളിക്കുന്നതിന് പഞ്ചായത്ത് അനുവാദം ആവശ്യപ്പെട്ടു. 26/8/2021-ലെ A1-639/21-ലെ ലേലപരസ്യപ്രകാരം 7 കെട്ടിടങ്ങൾ പൊളിക്കാൻ പഞ്ചായത്ത് സ്വന്തം നിലയിൽ പരസ്യം ചെയ്തു. 7/9/2021-ൽ കടമുറി കെട്ടിടങ്ങൾ 280000/-രൂപക്കും, 3 മരങ്ങൾ 1-9-2021- ലെ ലേലപരസ്യ പ്രകാരം 10-9-21-ൽ 73100/-രൂപക്കും ലേലം ചെയ്തു വിറ്റു. 16/9/2021-ലെ Kscadcയുടെ 2265/c1/2020-ാംനമ്പർ കത്ത്പ്രകാരം ധനസഹായം ലഭിക്കുന്ന മാർക്കറ്റുകളിൽ നിന്നും ലഭിക്കുന്ന അംശാദായത്തിന്റെ പകുതി തുക ഗഡുക്കളായി അടച്ചുതീർക്കാമെന്ന തദ്ദേശസ്ഥാപനത്തിന്റെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ കിഫ്ബി തുടർനടപടി സ്വീകരിക്കും എന്ന് കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്ന മാർക്കറ്റുകളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ, യോഗത്തിൽ തീരുമാനിച്ചതായി അറിയിച്ചു. 14/2/2022-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി 13(2) നമ്പർ തീരുമാനപ്രകാരം മേൽ വിവരിച്ച നിബന്ധന അംഗീകരിക്കാവുന്നതല്ലായെന്നും ഉപാധികൾ ഇല്ലാതെ തുക അനുവദിച്ചാൽ മാത്രമെ പദ്ധതി അംഗീകരിക്കുവെന്ന് Kscadc-,യെ അറിയിക്കാൻ തീരുമാനിച്ചു. Kscadc 17/8/2022-ലെ 1089/c1/2021 നമ്പർ കത്ത് പ്രകാരം മത്സ്യമാർക്കറ്റുകൾക്ക് നൽകുന്ന ലോൺ തിരിച്ചടവ് ആവശ്യമില്ലായെന്ന് കിഫ്ബി അറിയിച്ചതായും, നൽകുന്ന ഫണ്ട് ഗ്രാന്റായി കണക്കാക്കുന്നതാണെന്നും രേഖാമൂലം അറിയിച്ചതായും ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ടെത്തി. ആയതിനെ തുടർന്ന് ചന്ത പുനരുദ്ധാരണത്തിലെ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി അന്വേഷണകുറിപ്പ് 17/23 പ്രകാരം ചുവടെ വിവരിക്കുന്ന വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു.

1. ഹൈടെക്ക് മത്സ്യ മാർക്കറ്റ് പണിയുന്നതിന് തുക Kscadcവഴി അനുവദിക്കുന്നതാണെന്ന് കത്ത് ലഭിച്ചപ്പോൾ തിരിച്ചടവ് നിബന്ധനകൾ ചർച്ച ചെയ്ത് നിശ്ചയിച്ച് കരാറിൽ എത്താതെ ചന്തലേലം വഴി വരുമാനം ലഭിച്ചുകൊണ്ടിരുന്ന കെട്ടിടങ്ങൾ പൊളിക്കാനും മരങ്ങൾ മുറിക്കാനും ഭരണസമിതി തീരുമാനം എടുത്തതിനുള്ള വിശദീകരണം.

2. 24-12-2019-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി മാർക്കറ്റ് നവീകരണത്തിനായി 5.50കോടി രൂപയുടെ കരട് പദ്ധതി സർക്കാർ അനുവദിച്ച് ഉത്തരവായെന്ന് രേഖപ്പെടുത്തി. പ്രസ്തുത തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ്.

3. ലേലം ചെയ്യുന്ന മൂല്യം 1 ലക്ഷം വരെയുള്ള കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെയും, അതിന് മുകളിൽ മൂല്യം ആണെങ്കിൽ സർക്കാരിന്റെയും അനുമതി ആവശ്യമാണ്. എന്നാൽ ഫയൽ പരിശോധനയിൽ 280000/-രൂപയുടെ കെട്ടിടഭാഗങ്ങൾ ലേലം ചെയ്തിട്ടും സർക്കാർ അനുമതി ലഭ്യമാകാതെ ലേലം സ്ഥിരപ്പെടുത്തി നൽകാൻ ഇല്ലാത്ത അധികാരം ഉപയോഗിച്ച് ഭരണ സമിതി തീരുമാനിച്ചതിനുള്ള വിശദീകരണം ലഭ്യമാക്കാനും,

4. 17/8/2022-ലെ 1089/c1/2021നമ്പർ കത്ത് പ്രകാരം മത്സ്യമാർക്കറ്റുകളുടെ പുനരുദ്ധാരണത്തിന് നൽകുന്ന ലോണിന് തിരിച്ചടവ് ആവശ്യമില്ലായെന്നും നൽകുന്ന ഫണ്ട് ഗ്രാന്റായി കണക്കാക്കുന്നതാണെന്നും കിഫ്ബി അറിയിച്ചതായി Kscadc രേഖാമൂലം പഞ്ചായത്തിനെ അറിയിച്ചു. ആയത് പ്രകാരം മത്സ്യചന്ത നവീകരിക്കരണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി ഓഡിറ്റിനെ അറിയിക്കാനും ആവശ്യപ്പെട്ടുവെങ്കിലും മറുപടിയോ,രേഖകളോ ലഭ്യമാക്കിയില്ല.

ഹൈടെക് ചന്ത നവീകരണം-മുന്നൊരുക്ക പ്രവർത്തനത്തിൽ സംഭവിച്ച പാളിച്ചകൾ .

1. ഗ്രാമപഞ്ചായത്തായത്തുകളുടെയോ, ഘടക സ്ഥാപനങ്ങളുടെയോ ആസ്തിയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ പൊളിച്ചുമാറ്റുമ്പോൾ പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലർ നമ്പർ സി2-15471/2018 (തിയതി-8-11-2018) പ്രകാരം പൊളിച്ചുമാറ്റുന്നതിന് മുമ്പായി പുതിയ കെട്ടിടം പണിയുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുകയും

ആയതിനുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പൂർത്തീകരിക്കുകയും വേണം. 2018-2019 സാമ്പത്തിക വർഷത്തിൽ 10,03600/- രൂപ വരുമാനം ലഭിച്ച ചന്ത ഹൈടെക്ക് നിലവാരത്തിൽ പുനരുദ്ധാരണം നടത്തുന്നതിന് 4,6282834/-രൂപ നൽകാൻ കേരള കോസ്റ്റൽ ഡവലപ്മന്റ് കോർപ്പറേഷൻ ഫണ്ട് നൽകാൻ സമ്മതമാണെന്ന് അറിയിച്ചപ്പോൾ,അനുവദിക്കുന്ന തുകയുടെ തിരിച്ചടവ് വ്യവസ്ഥകൾ ചർച്ച നടത്തി രേഖാമൂലം ഉറപ്പുവരുത്താതെയാണ് നിലവിൽ വരുമാനം ലഭിച്ചുകൊണ്ടിരുന്ന കോൺക്രീറ്റ് കട മുറികൾ പൊളിക്കാൻ ഭരണസമിതി തീരുമാനിച്ചത്. ആയതിന്റെ ഫലമായി 9/2021 മുതൽ ചന്ത ലേലം വഴി ലഭിച്ചുകൊണ്ടിരുന്ന ഭീമമായ വരുമാനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കൃത്യമായ നടപടി ക്രമം പാലിച്ച് തുടർനടപടി സ്ഥീകരിക്കുന്നതിൽ ഭരണസമിതിയ്ക്ക് വീഴ്ച സംഭവിച്ചു.

2. ലേലം ചെയ്യുന്ന മൂല്യം 1ലക്ഷം വരെയുള്ള കെട്ടിടങ്ങൾ പൊളിച്ച നീക്കുന്നതിന് പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറുടെയും, അതിന് മുകളിൽ മൂല്യം ആണെങ്കിൽ സർക്കാരിന്റെയും അനുമതി ആവശ്യമാണ്. എന്നാൽ ഫയൽ പരിശോധനയിൽ 280000/-രൂപയുടെ കെട്ടിടഭാഗങ്ങൾ ലേലം ചെയ്തിട്ടും സർക്കാർ അനുമതി ലഭ്യമാകാതെ ലേലംസ്ഥിരപ്പെടുത്തി നൽകാൻ ഭരണ സമിതി തീരുമാനിച്ചത് നിയമാനുസൃതമല്ല.

3. 17/8/2022-ലെ Kscadcയുടെ 1089/c1/2021 നമ്പർ കത്ത് പ്രകാരം മത്സ്യമാർക്കറ്റുകളുകളുടെ പുനരുദ്ധാരണത്തിന് നൽകുന്ന ലോൺ തിരിച്ചടവ് ആവശ്യമില്ലായെന്ന് കിഫ്ബി അറിയിച്ചതായും,നൽകുന്ന ഫണ്ട് ഗ്രാന്റായി കണക്കാക്കുന്നതാണെന്നും രേഖാമൂലം അറിയിച്ചിട്ടും പഞ്ചായത്ത് പ്രസ്തുത നവീകരണപ്രവർത്തനങ്ങൾ Kscadc -യെ കൊണ്ട് പൂർത്തീകരിക്കുവാനുള്ള തുടർനടപടി സ്വീകരിക്കുകയോ, മറ്റ് ഫണ്ടുകൾ ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിനോ നടപടി സ്വീകരിച്ചതായി കാണുന്നില്ല.

ചന്ത ഹൈടെക്ക് മത്സ്യ വിപണന കേന്ദ്രമായി പുനരുദ്ധാരണം ചെയ്യുന്നതിനായുള്ള തുക ഗ്രാന്റായി ലഭിക്കുന്നതാണെന്ന് അറിയിപ്പ് ലഭിച്ചതിനാൽ നവീകരണ പ്രവർത്തനം പൂർത്തീകരിക്കുന്നതിനായി പഞ്ചായത്ത് ഭരണസമിതി മുൻകൈ എടുത്ത് കേരള സ്റ്റേറ്റ് കോസ്റ്റൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡുമായി തുടർചർച്ചകൾ നടത്തി പദ്ധതി എത്രയും വേഗം പൂർത്തീകരിക്കേണ്ടതും, അല്ലാത്ത പക്ഷം മറ്റ് മാർഗ്ഗങ്ങൾ സ്വീകരിച്ച് ചന്ത പുനരുദ്ധാരണം പൂർത്തിയാക്കി ചന്ത ലേലം നടത്തി നൽകി വരുമാനം ഉറപ്പാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണകുറിപ്പിനുള്ള മറുപടിയും തുടർപ്രവർത്തനവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 പഞ്ചായത്ത് തല ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതാണ്

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം പേമാരി, വെള്ളപ്പൊക്കം, മാറാരോഗങ്ങൾ തുടങ്ങിയവയ്ക്ക് വിധേയരാവുന്നവർക്ക് അടിയന്തരധനസഹായം നൽകുന്നതിന് ഓരോ ഗ്രാമപഞ്ചായത്തും ഓരോ പ്രമേയം മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാടിസ്ഥാനത്തിലുള്ള കലാ-കായിക -വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവ്-ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൌണ്ട് തുടങ്ങേണ്ടതും,ലഭിക്കുന്ന സംഭാവനകൾക്ക് അച്ചടിച്ച ഫാറത്തിലുള്ള രസീതുകൾ നൽകേണ്ടതുമാണ്. ദുരിതാശ്വാസ നിധിയുടെ ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൽ 2021-ഏപ്രിൽ മാസം പ്രാരംഭബാക്കി 3496/-രൂപയും 2022 മാർച്ചിലെ ക്ലോസ്സിംഗ് ബാലൻസ് 3428/-രൂപയുമാണ്. ദുരിതാശ്വാസ നിധിയിൽ തുടർ പ്രവർത്തനം ഇല്ലാത്തതിനുള്ള വിശദീകരണവും ബാങ്ക് പാസ് ബുക്ക് സഹിതം ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 3/2023- ന് നൽകിയ മറുപടിയിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന നിർദ്ധനരായ ജനങ്ങൾക്ക് ദുരിതകാലത്ത് കൈതാങ്ങായി മാറുന്ന ദുരിതാശ്വാസനിധിയിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചും മറ്റ് മാർഗങ്ങൾ വഴിയും ധന സമാഹരണം നടത്തി ഏറ്റവും അർഹർക്ക് വേണ്ട സമയത്ത് ധനസഹായം എത്തിയ്ക്കാൻ ഭരണസമിതി ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-എന്നസൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെവിവിധ സർക്കാർ വകുപ്പുകൾ. സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ , ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ ,തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS"- എന്നസൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും

രേഖകൾപ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 2/2023- ന് മറുപടിലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ (വാടക,കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവ ഉൾപ്പെടെ) പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-17 സി.എഫ്.എൽ.റ്റി.സി.അക്കൗണ്ട്-ബാലൻസ് തുക തിരിച്ചടയ്ക്കേണ്ടതാണ്.

വെള്ളരട ഗ്രാമപഞ്ചായത്തിന്റെ ആനപ്പാറ സി.എച്ച്.സി യിലെ മെഡിക്കൽ ഓഫീസർക്ക് നിർവഹണ ചുമതലയുള്ള സി.എഫ്.എൽ.റ്റി.സി യുടെ പ്രവർത്തനത്തിലെ അപാകങ്ങൾചുവടെ ചേർക്കുന്നു.

1) സി.എഫ്.എൽ.റ്റി.സി യുടെ മിനിട്സ് ബുക്കിൽ ആവശ്യമായ വിവരങ്ങൾ പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല.

2) വരവ്-ചെലവ് കണക്കുകൾ പ്രതിമാസം ക്രോഡീകരിച്ച് അംഗീകരിച്ചിട്ടില്ല.

3) സി.എഫ്.എൽ.റ്റി.സി.യുടെ പ്രവർത്തനം അവസാനിച്ചതിന്റെയോ നാളിതുവരെയുള്ള വരവ് ചെലവ് അംഗീകരിച്ചതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

4) അഡ്മിറ്റായ രോഗികളുടെ വിവരം ഉൾപ്പെടുന്ന അഡ്മിഷൻ രജിസ്റ്റർ, വിടുതൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രവേശിപ്പിച്ചവരുടെ എണ്ണത്തിൽ കൃത്യതയില്ല.

5) ഗവൺമെൻറ് വിഹിതമായി ലഭിച്ച 25 ലക്ഷം രൂപയുടെ ചെലവ് വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

6) മെഡിക്കൽ ഓഫീസറുടെയും പ്രസിഡന്റിന്റെയും പേരിലുള്ള ബാങ്ക് ഓഫ് ബറോഡയുടെ 8428010000362 എന്ന അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സി.എഫ്.എൽ.റ്റി.സി.യുടെ പ്രവർത്തനം നിലച്ചിട്ടും നാളിതുവരെ പഞ്ചായത്ത് അക്കൗണ്ടിൽ തിരികെ അടച്ചിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് കൃത്യമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-18 ശ്മശാനത്തിന് സ്ഥലം വാങ്ങൽ - തുടർനടപടികൾ അനിവാര്യം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ശ്മശാനത്തിന് സ്ഥലം വാങ്ങൽ(സ്പിൽ ഓവർ) |
| പ്രോജക്ട് നമ്പർ | 205/22 |
| അടങ്കൽ തുക | 5000000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് തുക | 2867600 |

പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിനായി 2867600/- രൂപ ചെലവഴിച്ച് 98/15-1, 99/21 എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട 65 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്. പ്രസ്തുത വസ്തു പോക്ക് വരവ് ചെയ്ത് കരം അടച്ച രേഖകൾ, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-33/31.01.2023-ന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത പദ്ധതി പ്രദേശം ഓഡിറ്റിന്റെ ഭാഗമായി സ്ഥലപരിശോധന നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ ശ്മശാനത്തിനായി വിഭാവനം ചെയ്തിട്ടുള്ള ഭൂമിയിലേക്ക് ചെറിയ വഴി മാത്രമെ ഉള്ളൂ. കൂടാതെ വസ്തുവിന്റെ അതിർത്തികൾ വേലികെട്ടി സംരക്ഷിച്ചിട്ടില്ല. പ്രസ്തുത വസ്തു പോക്ക് വരവ് ചെയ്ത് കരം അടച്ച് പഞ്ചായത്തിന്റെ പേരിലാക്കി, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വസ്തുവിന്റെ അതിർത്തികൾ വേലികെട്ടി സംരക്ഷിക്കേണ്ടതാണ്. പ്രസ്തുത വസ്തുവിലേക്ക് റോഡ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ മാത്രമെ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുകയുള്ളവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ വസ്തുവിലുള്ള റബ്ബർ മരങ്ങൾ മേലാദായത്തിന് നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല- ചെലവ് തുകയായ 200000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോക്ടിന്റെ പേര് | ഡി.പി.സി മന്ദിര നിർമ്മാണ ഫണ്ട് |
| പ്രോക്ട് നം | 120/22 |
| അടങ്കൽ തുക | 200000 – വികസന ഫണ്ട് ജനറൽ |
| ചെലവ് തുക | 200000 |
| ബിൽ നം /തീയതി | 23/21-22 ,16.11.21 |

പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിനായി തുക ചെയർപേഴ്സൻ മെമ്പർ സെക്രട്ടറി ഡി.പി.സി യുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട് പ്രസ്തുത തുകയുടെ വിനിയോഗ വിവരം പരിശോധനയ്ക്കായി ഓഡിറ്റിന് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/31.01.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ

ചെലവ് തുകയായ 200000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-19-1 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല- ചെലവ് തുകയായ 107009/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോക്ടിന്റെ പേര് | മാർഗതടസ്സമായി നിൽക്കുന്ന വൈദ്യുതി പോസ്റ്റ് മാറ്റൽ (സ്പിൽ ഓവർ) |
| പ്രോജക്ട് നം | 203/22 |
| അടങ്കൽ തുക | 100000/- തനത് ഫണ്ട് |
| ചെലവ് തുക | 97709/- |
| ചെക്ക് നം/തീയതി | 65998 /22.12.21, 65999/22.12.21 |
| നിർവ്വഹണം | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കൃഷ്ണപുരം വാർഡിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ നീട്ടൽ |
| പ്രോജക്ട് നം | 133/22 |
| അടങ്കൽ തുക | 160000 (തനത് ഫണ്ട്, സി.എഫ്.സി) |
| ചെലവ് തുക | 9300 |
| ബിൽ നം /തീയതി | 69388/ 16.02.2022 |
| നിർവ്വഹണം | സെക്രട്ടറി |

പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി കെ.എസ്.ഇ.ബിയ്ക്ക് തുക കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ വിവരം പരിശോധനയ്ക്കായി ഓഡിറ്റിന് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-36/31.01.2023-ന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 107009/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-20 ലൈബ്രറി കൗൺസിൽ അംഗീകാരം ഇല്ലാതെ നടത്തിയ പ്രവൃത്തികൾ അംഗീകരിക്കുന്നില്ല-4,65,000/- രൂപ തടസ്സം ചെയ്യുന്നു.

ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ഗ്രന്ഥശാലകളുടെ പുനർനിർമ്മാണം, റിപ്പയറിംഗ് എന്നിവയ്ക്ക് ധനസഹായം നൽകുന്നതിന് ലൈബ്രറി അധികാരികൾ അനുമതി നൽകിക്കൊണ്ടുള്ള കരാർ അത്യാവശ്യമാണ്. സ്ഥലം തദ്ദേശസ്ഥാപനത്തിന് വിട്ട് നൽകേണ്ടതില്ലെന്ന 6/9/2018- ലെ നം. ഡി എ1./602/18 തസ്വഭവ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും, സൂര്യ ലൈബ്രറി നവീകരണം, എന്ന പദ്ധതി പഞ്ചായത്ത് തന്നെ സ്വയം ഏറ്റെടുത്ത് എ.ഇ മുഖേന നടപ്പിലാക്കിയതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നമ്പർ 4) മറുപടി ലഭിച്ചിട്ടില്ല. പഞ്ചായത്തിന്റെ അനിവാര്യചുമതലകളിൽപ്പെട്ട നിരവധി പദ്ധതികൾ ബാക്കിനിൽക്കെ, ഈ പദ്ധതി ആവിഷ്ക്കരിച്ചതിന്റെ ആവശ്യകത വ്യക്തമാകുന്നില്ല. ധനസഹായം നൽകുകയെന്ന സർകുലർ നിർദ്ദേശം മറയാക്കി ഇത്തരം പ്രവർത്തികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത് വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിലൂടെ പഞ്ചായത്തിന് ആർജിച്ച ധനവിനിയോഗചുമതലകൾ പാലിക്കുന്നതിലെ വീഴ്ച വെളിവാക്കുന്നു.

14/02/18 സ.ഉ. (കൈ) നം. 22/18/തസ്വഭവ പ്രകാരമുള്ള പൊതുപദ്ധതിമാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ഇത്തരം ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. സബ്സിഡിയെന്നത് പദ്ധതി ചെലവ് പൂർണ്ണമായും നൽകുന്നതല്ലെന്നും, പദ്ധതി നിർവ്വഹണത്തിന് പ്രേരകമായി നൽകുന്നതാണെന്നും വ്യക്തമായിരിക്കെ, ലൈബ്രറി കെട്ടിടത്തിന് മുകളിൽ നടത്തിയ നിർമ്മാണപ്രവർത്തികൾക്കും കിണർ നിർമ്മാണത്തിനും എ.ഇ തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി പഞ്ചായത്തിന്റെ CFC ഫണ്ട് മാത്രമായി4,65,000രൂപ ചെലവഴിച്ചിട്ടുള്ളത് ക്രമവിരുദ്ധനടപടിയാണ്. ലൈബ്രറി അധികാരികൾ ഏറ്റെടുത്ത് നൽകുന്ന ഒരു പ്രവർത്തിയ്ക്ക് ധനസഹായം നൽകുന്നതിന് പകരമായി, പഞ്ചായത്തിന്റെ പൊതുപണം ചെലവഴിച്ചിട്ടുള്ളത് ക്രമവിരുദ്ധമായതിനാൽ 4,65,000 /- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സം ചെയ്യുന്നു.

| പ്രോജക്ട് നം/പേര് | അടങ്കൽ | ചെലവ് | ബിൽ നം | കോൺട്രാക്ടർ | എംബുക്ക് നം |
|---|---|---|---|---|---|
| 291/22 Maintenance | 5,00,000 | 4,65,000 | E.grams | Sri.Paul Raj | 417/21-22 |

| | | | | | |
|---|---|---|---|---|---|
| Of Surya Library | | | | | |

## 1-21 മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പദ്ധതികൾ -9,45,536/- രൂപ തടസ്സപ്പെടുത്തുന്നു.

പഞ്ചായത്ത് സെക്രട്ടറി CHC മെഡിക്കൽ ഓഫീസർക്ക് കൈമാറിയ താഴെ പറയുന്ന ചെക്കുകൾ പ്രകാരം ചെലവ് ചെയ്ത തുകയുടെ വിനിയോഗസാക്ഷ്യപത്രം, ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഓഡിറ്റ് എൻക്വയറി നം. 34/31.1.23 ന് മറുപടി ലഭിച്ചിട്ടില്ല. ചെലവ് വിവരം ലഭ്യമാകുന്നതുവരെ 9,45,536/- രൂപ തടസ്സം ചെയ്യുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിഷയം | തുക | ചെക്ക് നം | അപാകത |
|---|---|---|---|---|
| 1. | മഴക്കാലപൂർവ്വ ശുചീകരണ് പ്രവർത്തനങ്ങൾ | 2,30,000 | 63200/ 23.10.21 | വിനിയോഗ വിവരങ്ങൾ ലഭ്യമല്ല. |
| 2. | മരുന്ന് വാങ്ങൽ | 3,88,587 | 63197/ 23.10.21 | ചെലവ് വിവരങ്ങൾ ലഭ്യമല്ല. |
| 3. | മെഡിക്കൽ എക്യുപ്പ്മെന്റ് & മെഡിസിൻ പർച്ചേസ് | 2,08,724 | 66002/ 22.12.21 | ചെലവ് വിവരങ്ങൾ ലഭ്യമല്ല. |
| 4. | മെഡിക്കൽ എക്യുപ്പ്മെൻറ് & മെഡിസിൻ പർച്ചേസ് | 1,18,225 | 66009/ 31.12.21 | ചെലവ് വിവരങ്ങൾ ലഭ്യമല്ല. |
| | ആകെ | 9,45,536 | | |

## 1-22 മരുന്നുകൾലഭ്യമായില്ല-തുടർ നടപടി സ്വീകരിക്കണം

| | |
|---|---|
| പ്രോക്ടിന്റെ പേര് | 44/22 |
| പ്രോക്ട് നം | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 150000/- മെയിന്റനൻസ് -റോഡിതരം |
| ചെലവ് തുക | 150000 |
| ബിൽ നം /തീയതി | 02/2021-22, 11.01.22 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ ആയുർവേദം |

പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിനായി ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് തുക കൈമാറിയിട്ടുണ്ട്. ഇൻവോയിസ് നം -എൽ.എഫ്റ്റ്-1339 തീയതി 15.12.2022 പ്രകാരം 115433/- രൂപയുടെ മരുന്നുകൾ മാത്രമെ ലഭ്യമായിട്ടുള്ളൂ. ബാക്കി 34567/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-30/31.01.2023 -ന് ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമായില്ലായെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി നൽകി. 34567/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 പാലിയേറ്റീവ് കെയർ -ക്രമരഹിതമായി വാഹന വാടക നൽകി

പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം വാടകയ്ക്ക് എടുത്ത വാഹനത്തിന്റെ (ടാക്സി നം.K L-16 L 494) ട്രിപ്പ് ഷീറ്റ് പ്രകാരം 04/21, 05/21, 06/21, 07/21 എന്നീ മാസങ്ങളിൽ കേവലം 5 കി.മീറ്ററിനകത്തുള്ള രണ്ട് സ്ഥലങ്ങളിൽ ഓടിയിട്ട് 45 കി.മീറ്ററിലോ അതിൽ കൂടുതലോ രേഖപ്പെടുത്തി 1100/- രൂപാ നിരക്കിൽ വാടക വാങ്ങിയിരിക്കുന്നു . ഉദാഹരണം ചുവടെ ചേർക്കുന്നു.

| തീയതി | യാത്ര | യാത്ര | ട്രിപ്പ് ഷീറ്റിൽ | യഥാർത്ഥ |
|---|---|---|---|---|

| | ആരംഭിച്ച സ്ഥലം | അവസാനിച്ച സ്ഥലം | രേഖപ്പെടുത്തിയിരിക്കുന്ന ദൂരം(കി.മീ) | ദൂരം (കി.മീ) |
|---|---|---|---|---|
| 21.04.21 | ആനപ്പാറ | പനച്ചമൂട് | 42 | 3 |
| 08.05.21 | ആനപ്പാറ | കത്തിപ്പാറ | 45 | 5 |
| 10.06.21 | ആനപ്പാറ | പാട്ടംതലയ്ക്കൽ | 45 | 5 |
| 21.06.21 | ആനപ്പാറ | കിളിയൂർ | 46 | 4 |
| 19.07.21 | ആനപ്പാറ | വെള്ളറട | 46 | 1 |
| 24.07.21 | ആനപ്പാറ | വേങ്കോട് | 45 | 5 |

കൂടാതെ, 04/21, 05/21, 06/21, 07/21 മാസങ്ങളിൽ ട്രിപ്പ് ഷീറ്റിൽ വാഹനം യാത്ര തുടങ്ങുമ്പോഴും അവസാനിക്കുമ്പോഴുമുള്ള കിലോമീറ്റർ രേഖപ്പെടുത്തിയിട്ടില്ല. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-24 കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.3,68,750/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്0041/22 |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലനം |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ തുക | 2300000/- |
| ചെലവായ തുക | 368750/- |
| ബിൽ നമ്പർ/ തീയതി/ തുക | 113/01.11.21 250000/- |
| | 155/30.11.21 118750/- |

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം പദ്ധതിക്കായി 2021-22 വർഷം 368750/- രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. മൃഗാശുപത്രിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തെരെഞ്ഞെടുക്കുന്ന 59 കന്നുകുട്ടികൾക്ക് തീറ്റ നൽകുന്ന പദ്ധതിയിൽ അനുയോജ്യമായ കന്നുകുട്ടികളെ വെറ്ററിനറി സർജൻ മുൻഗണന ലിസ്റ്റിൽ നിന്നും തെരെഞ്ഞെടുക്കുന്നു. ഏത് ക്ഷീരസംഘം വഴിയാണ് തീറ്റ വിതരണം നടത്തേണ്ടത് എന്ന പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 32 മാസം വരെ സബ്സിഡി തുക അധികമാകാതെ വിതരണം ചെയ്യുന്നു. ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയുള്ള SLBP യുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (21/23 തീ.30.01.2023) വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാമെന്നും മറുപടി നൽകി. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- അപൂർണമായ കരാർപത്രങ്ങൾ

1.

| | |
|---|---|
| പ്രോജക്ട് നമ്പർ | 016/2022 |
| പ്രോജക്ടിന്റെ പേര് | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | 400000/- ടി.എസ്.പി/തനത് |

| | |
|---|---|
| | ഫണ്ട്. |
| ചെലവായ തുക | 333650/- |

2.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 015/2022 |
| പ്രോജക്റ്റിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | 2200000/- എസ്.സി.പി |
| ചെലവായ തുക | 2200000/- |

മേൽ പറഞ്ഞ രണ്ട് പ്രോജക്ടുകളിലേയും അപേക്ഷയോടൊപ്പമുള്ള കരാർ പത്രങ്ങളിൽ ഒന്നും എഴുതി ചേർക്കാതെ കരാറിൽ ഏർപ്പെടുന്നവരുടെ ഒപ്പ് മാത്രമായി രേഖപ്പെടുത്തിയിരിക്കുന്നു. ഇത്തരം പ്രവണത കരാർപത്രങ്ങൾ ദുർവിനിയോഗം ചെയ്യാൻ സാധ്യതയുള്ളതിനാൽ കരാർപത്രങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

## 1-26 ലൈഫ് ഭവന പദ്ധതി,രേഖകൾ ഹാജരാക്കിയിട്ടില്ല-രൂ.15120000/- തടസ്സപ്പെടുത്തുന്നു.

(A)

| | |
|---|---|
| പ്രോജക്റ്റ് നം. | SO 192/2022 |
| പേര് | സമ്പൂർണ്ണഭവന പദ്ധതി(ലൈഫ്) |
| അടങ്കൽ | രൂ.271380000/- |
| ചെലവ് | രൂ.10160000/- |
| ബിൽ നം. | പൂർണ്ണമായ ബിൽ വിവരങ്ങൾ ലഭ്യമല്ല. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ ,സർക്കിൾ ബി |

(B)

| | |
|---|---|
| പ്രോജക്റ്റ് നം. | 125/2022 |
| പേര് | ലൈഫ് സമ്പൂർണ്ണഭവന പദ്ധതി (ജനറൽ) |
| അടങ്കൽ | രൂ.10240000/- |
| ചെലവ് | രൂ.4960000/- |
| ബിൽ നം. | പൂർണ്ണമായ ബിൽ വിവരങ്ങൾ ലഭ്യമല്ല |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ ,സർക്കിൾ ബി |

മേൽ പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഓഡിറ്റിന് ഹാജരാക്കിയ സാംഖ്യാ ബിൽ പകർപ്പുകളിലൊന്നും തന്നെ ആനുകൂല്യത്തുകകൾ അർഹരായവർക്ക് കൈമാറിയെന്നതിനുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോ , അക്വിറ്റൻസ് രജിസ്റ്ററിൽ തുകകൾ കൈപ്പറ്റി എന്നതിനുള്ള ഗുണഭോക്താക്കളുടെ ഒപ്പോ ചേർത്തിട്ടില്ല.

2. പദ്ധതി ഗുണഭോക്താക്കൾ വിവിധ നിർമ്മാണ/പ്രവൃത്തി-ഘട്ടങ്ങൾ പൂർത്തീകരിച്ചതിനുള്ള ചിത്രങ്ങൾ, കംപ്ലീഷൻ റിപ്പോർട്ട്, അർഹതാരേഖകൾ, മറ്റ് വ്യക്തിഗത വിവരങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയുള്ള അപേക്ഷകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3. മേൽ പദ്ധതികൾ വഴി ആകെ ആനുകൂല്യം കൈപ്പറ്റിയവരുടെ എണ്ണം,ഭവന നിർമ്മാണം പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ എണ്ണം, ഗഡു തുക കൈപ്പറ്റിയതിനു ശേഷം ആറ് മാസത്തിലധികമായി നിർമ്മാണ പ്രവൃത്തികളിൽ പുരോഗതി വരുത്താത്തവരുടെ എണ്ണം എന്നീ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 06/2021-22 തീയതി : 27.01.2023 -ന് മറുപടിയായി ജനറൽ വിഭാഗത്തിൽ 583 പേർ കരാർ വച്ചിരുന്നതിൽ 582പേർ പണി പൂർത്തിയാക്കിയതായി അറിയിച്ചിട്ടുണ്ടെങ്കിലും ടി വിവരം പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിലും അപാകതകളുടെ അടിസ്ഥാനത്തിലും പദ്ധതികൾക്കായി ചെലവിട്ട

രൂ.15120000/-(ഒരു കോടി അൻപത്തി ഒന്ന് ലക്ഷത്തിഇരുപതിനായിരം രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 ലക്ഷം വീട് കോളനിയിലെ വീടുകളുടെ പുനരുദ്ധാരണം - 420000/ രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | SO194/2022 |
| പേര് | ലക്ഷം വീട് കോളനിയിലെ വീടുകളുടെ പുനരുദ്ധാരണം |
| അടങ്കൽ | 500000/-(ബ്ലോ.പ.വി) |
| ചെലവ് | 420000/- |
| ബിൽ നം. | 06/2021-22 രൂ.420000/- തീ.12.10.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, സർക്കിൾ ബി |

മേൽ പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഓഡിറ്റിന് ഹാജരാക്കിയ സാംഖ്യാ ബിൽ പകർപ്പുകളിലൊന്നും തന്നെ ആനുകൂല്യത്തുകകൾ അർഹരായവർക്ക് കൈമാറിയെന്നതിനുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോ , അക്വിറ്റൻസ് രജിസ്റ്ററിൽ തുകകൾ കൈപ്പറ്റി എന്നതിനുള്ള ഗുണഭോക്താക്കളുടെ ഒപ്പോ ചേർത്തിട്ടില്ല.

2.ലക്ഷം വീട് കോളനിയിലെ (കുതാളി) വീടുകളുടെ പുനരുദ്ധാരണം എന്ന മേൽ പദ്ധതിക്കായി 2020-21ൽ (Proj No.308/21) 80000/- രൂപ അനുവദിച്ചതിനു തുടർച്ചയായി 21ഗുണഭോക്താക്കൾക്ക് 20000/- രൂപ വീതം അനുവദിക്കുന്നതിനാണ് മേൽ പദ്ധതി രൂപപ്പെടുത്തിയിരുന്നത്.പദ്ധതി വഴി ആനുകൂല്യം കൈപ്പറ്റിയവർ വീടുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയതിനുള്ള തെളിവുകൾ (പുനരുദ്ധാരണ പ്രവൃത്തികൾക്ക് മുൻപും ശേഷവും ഉള്ള ചിത്രങ്ങൾ) ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഓരോ ഗുണഭോക്താക്കളും പദ്ധതിപ്പണം ഉപയോഗപ്പെടുത്തി വീടുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ യഥാവിധി നിർവ്വഹിച്ചിരുന്നോയെന്നത് തെളിവുകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റിന് ബോധ്യപ്പെടാൻ സാധിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 06/2021-22 തീയതി : 27.01.2023 -ന് മറുപടിയായി ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം നടത്തിയതിനുള്ള ചിത്രങ്ങൾ ഹാജരാക്കാൻ സാവകാശം വേണമെന്നാണ് അറിയിച്ചിട്ടുള്ളത്.

മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിലും അപാകതകളുടെ അടിസ്ഥാനത്തിലും പദ്ധതിക്കായി ചെലവിട്ട 420000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 ന്യൂ ലൈഫ് ലക്ഷം വീട് കോളനി നവീകരണം-1460000/ രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | SO 195/2022 |
| പേര് | ന്യൂ ലൈഫ് ലക്ഷം വീട് കോളനി നവീകരണം |
| അടങ്കൽ | 40000/-(വി.ഫ-പൊ.വി)<br>40000/-(ബ്ലോ.പ.വി),1440000/-(ജി.പ.വി)<br>ആകെ 1520000/- |
| ചെലവ് | 20000/-(വി.ഫ-പൊ.വി),1440000/-(ജി.പ.വി)<br>ആകെ 1460000/- |
| ബിൽ നം. | 01/2021-22 രൂ.1280000തീ.12.08.2021<br>07/2021-22 രൂ.80000തീ.15.11.2021<br>(ബിൽ പകർപ്പ് ലഭ്യമാക്കിയിട്ടില്ല)<br>08/2021-22 രൂ.20000 തീ.15.11.2021<br>10/2021-22 രൂ.80000 തീ.18.01.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ സർക്കിൾ ബി |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഓഡിറ്റിന് ഹാജരാക്കിയ സാംഖ്യാ ബിൽ പകർപ്പുകളിലൊന്നും ആനുകൂല്യത്തുകകൾ അർഹരായവർക്ക് തന്നെ കൈമാറിയെന്നതിനുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോ , അക്വിറ്റൻസ് രജിസ്റ്ററിൽ തുകകൾ കൈപ്പറ്റി എന്നതിനുള്ള ഗുണഭോക്താക്കളുടെ ഒപ്പോ ചേർത്തിട്ടില്ല.

2. ന്യൂ ലൈഫ് ലക്ഷം വീട് കോളനി(കുതാളി) നവീകരണം എന്ന പദ്ധതിക്കായി 2020-21ൽ(proj No.309/21) 120000/- രൂപ അനുവദിച്ചതിനു തുടർച്ചയായി 80000/- രൂപ വീതം അനുവദിക്കുന്നതിനാണ് മേൽ പദ്ധതി രൂപപ്പെടുത്തിയിരുന്നത്. വീടുകളുടെ നവീകരണ പ്രവൃത്തികൾ നടത്തിയതിനുള്ള തെളിവുകൾ (നവീകരണ പ്രവൃത്തികൾക്ക് മുൻപും ശേഷവും ഉള്ള ചിത്രങ്ങൾ) ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഓരോ ഗുണഭോക്താക്കളും പദ്ധതിപ്പണം ഉപയോഗപ്പെടുത്തിക്കൊണ്ട് വീടുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ( ന്യൂ ലൈഫ് മാർഗ്ഗരേഖാനിർദ്ദേശങ്ങൾ പ്രകാരം) നിർവ്വഹിച്ചിരുന്നോയെന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റിന് ബോധ്യപ്പെടാൻ സാധിച്ചിട്ടില്ല.

3. ആകെയുള്ള 17 ഗുണഭോക്താക്കളിൽ 15 പേർക്ക് 80000/- രൂപ വീതവും ശ്രീമതി ഇന്ദിര എന്ന വ്യക്തിക്ക് 100000/-രൂപയും അനുവദിച്ചതായും ശ്രീമതി ശ്രീകലയെന്നയാൾക്ക് 2021-22 ൽ തുകയൊന്നും അനുവദിച്ചിട്ടില്ലെന്നും ആണ് അക്വിറ്റൻസിലെ രേഖപ്പെടുത്തൽ. എന്നാൽ അക്വിറ്റൻസിലോ, ഓഡിറ്റിന് ഹാജരാക്കിയ 17 അപേക്ഷകളിലോ ഉൾപ്പെടാത്ത ശ്രീമതി പുഷ്പ.എസ് എന്ന വ്യക്തിക്കു കൂടി 80000/-രൂപ അനുവദിച്ചതായുള്ള ബിൽ പകർപ്പ്(നം. 01/2021-22 രൂ.1280000/- തീ.12.08.2021) ലഭ്യമാക്കിയിരിക്കുന്നു.

4. ചെലവു പത്രിക പ്രകാരം പദ്ധതിച്ചെലവ് 1460000/- രൂപയാണെങ്കിലും 1380000/-രൂപക്കുള്ള ബിൽ പകർപ്പുകൾ മാത്രമേ (ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പരാമർശിച്ചതുൾപ്പടെ) ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളൂ.

മേൽ അപാകതകൾ സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 06/2021-22 തീയതി : 27.01.2023 - ന് മറുപടിയായി ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം നടത്തിയതിനുള്ള ചിത്രങ്ങൾ ഹാജരാക്കാൻ സാവകാശം വേണമെന്ന് അറിയിക്കുകയും ശ്രീമതി പുഷ്പ.എസ് എന്ന ഗുണഭോക്താവിന്റെ പാസ്സ് ബുക്ക് വിവരങ്ങൾ മാത്രം ഹാജരാക്കുകയുമാണുണ്ടായത്.

മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിലും അപാകതകളുടെ അടിസ്ഥാനത്തിലും പദ്ധതിക്കായി ചെലവിട്ട 1460000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 പെർഫോമൻസ് ബെയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം,രേഖകൾ ഹാരാക്കിയിട്ടില്ല- രൂ.3280000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | SO 185/2022 |
| പേര് | PBIG-വിനിയോഗം (കക്കൂസ് പുനരുദ്ധാരണം) |
| അടങ്കൽ | 3280000/-(കേ.ആ.ഫ) |
| ചെലവ് | രൂ.3280000/- (656*5000/-) |
| ബിൽ നം. | പൂർണ്ണമായ ബിൽ വിവരങ്ങൾ ലഭ്യമല്ല. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ ,സർക്കിൾ സി |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഓഡിറ്റിന് ഹാജരാക്കിയ സാംഖ്യാ ബിൽ പകർപ്പുകളിലൊന്നും തന്നെ ആനുകൂല്യത്തുകകൾ അർഹരായവർക്ക് കൈമാറിയെന്നതിനുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോ , അക്വിറ്റൻസ് രജിസ്റ്ററിൽ തുകകൾ കൈപ്പറ്റി എന്നതിനുള്ള ഗുണഭോക്താക്കളുടെ ഒപ്പോ ചേർത്തിട്ടില്ല.

2 .പ്രോജക്ട് നിബന്ധന പ്രകാരം മോണിറ്ററിംഗ് കമ്മിറ്റി മേൽ പദ്ധതിയുടെ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതുണ്ട്. മേൽ പ്രകാരമുള്ള റിപ്പോർട്ട്/കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ഉൾപ്പടെയുള്ള അപേക്ഷകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 07/2021-22 തീയതി : 27.01.2023 -ന് മറുപടിയായി പദ്ധതി പ്രകാരം 656 പേർക്ക് 5000/- രൂപ വീതം ധനസഹായം അനുവദിച്ചിട്ടുള്ളതായും പദ്ധതി നിർവ്വഹണത്തിൽ വന്ന വീഴ്ചകൾ പരിഹരിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിലും അപാകതകളുടെ അടിസ്ഥാനത്തിലും പദ്ധതിക്കായി ചെലവിട്ട രൂ.3280000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ - പദ്ധതിക്കായി ചെലവിട്ട രൂ.2250000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 119/2022 |
| പേര് | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ(വികസന ഫണ്ട്, എസ് സി പി) |
| അടങ്കൽ | 3600000/- (വികസന ഫണ്ട് എസ് സി പി & തനത് ഫണ്ട്) |
| ചെലവ് | രൂ.2250000/- |
| ബിൽ നം. | 3/2021-22 രൂ.225000 തി 15.12.2021<br>4/2021-22 രൂ.150000 തി 11.01.2022<br>5/2021-22 രൂ.300000 തി 24.01.2022<br>7/2021-22 രൂ.150000 തി 07.03.2022<br>8/2021-22 രൂ.675000 തി 15.03.2022<br>9/2021-22 രൂ.450000 തി 18.03.2022<br>11/2021-22 രൂ.75000 തി 26.03.2022<br>12/2021-22 രൂ.225000 തി 30.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ സർക്കിൾ സി |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഓഡിറ്റിന് ഹാജരാക്കിയ സാംഖ്യാ ബിൽ പകർപ്പുകളിലൊന്നും തന്നെ ആനുകൂല്യത്തുകകൾ അർഹരായവർക്ക് കൈമാറിയെന്നതിനുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോ , അക്വിറ്റൻസ് രജിസ്റ്ററിൽ തുകകൾ കൈപ്പറ്റി എന്നതിനുള്ള ഗുണഭോക്താക്കളുടെ ഒപ്പോ ചേർത്തിട്ടില്ല.

2. മേൽ പ്രോജക്റ്റ് പ്രകാരം 12 ഗുണഭോക്താക്കൾക്ക് 75000/- രൂപ വീതവും 9 പേർക്ക് 150000/- രൂപ വീതവും ആനുകൂല്യം നൽകിയിട്ടുണ്ട്. ഓരോ ഗുണഭോക്താക്കളും ഭവന വാസയോഗ്യമാക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിനുള്ള തെളിവുകൾ(നിർമ്മാണ പ്രവൃത്തികൾക്ക് മുൻപും ശേഷവും ഉള്ള ചിത്രങ്ങൾ) ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഓരോ ഗുണഭോക്താക്കളും പദ്ധതിപ്പണം ഉപയോഗപ്പെടുത്തി അവരുടെ വീടുകൾ, പദ്ധതി മാർഗ്ഗരേഖയിലെ നിബന്ധനകൾക്കനുസൃതമായി, വാസയോഗ്യമാക്കിയിട്ടുണ്ടോയെന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റിന് ബോധ്യപ്പെടാൻ സാധിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 07/2021-22 തീയതി : 27.01.2023 -ന് മറുപടിയായി വീഴ്ചകൾ പരിഹരിക്കുന്നതാണെന്ന് ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിലും അപാകതകളുടെ അടിസ്ഥാനത്തിലും പദ്ധതിക്കായി ചെലവിട്ട രൂ.2250000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 ഗാർഹിക കക്കൂസ് നിർമ്മാണം,വാലുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ തുക നൽകിയിരിക്കുന്നു - രൂ.15400/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S0179/2022 |
| പേര് | ഗാർഹിക കക്കൂസ് നിർമ്മാണം |
| അടങ്കൽ | 84000/-(കേ.ആ.ഫ)<br>23800/-( തനത് ഫണ്ട്) |
| ചെലവ് | രൂ.12000/-(കേ.ആ.ഫ)<br>രൂ.23800/-( തനത് ഫണ്ട്)<br>ആകെ 15400/- |

| | |
|---|---|
| ബിൽ നം. | സാംഖ്യാ ബിൽ നം.323/22.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ ,സർക്കിൾ സി |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഓഡിറ്റിന് ഹാജരാക്കിയ സാംഖ്യാ ബിൽ പകർപ്പിൽ ആനുകൂല്യത്തുക ശ്രീമതി കമലാക്ഷിക്ക് കൈമാറിയെന്നതിനുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോ, അക്വിറ്റൻസ് രജിസ്റ്ററിൽ തുക കൈപ്പറ്റി എന്നതിനുള്ള ഗുണഭോക്താവിന്റെ ഒപ്പോ ചേർത്തിട്ടില്ല.

2.മേൽ പ്രോജക്ട് പ്രകാരം, ശ്രീമതി കമലാക്ഷി,കുഞ്ചാറ്റിൻകര വീട്,പന്നിമല (വീട് നം.6/359)എന്ന ഏക ഗുണഭോക്താവിന് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ തന്നെ ആനുകൂല്യത്തുകയായി രൂ.15400/- അനുവദിച്ചിരിക്കുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 07/2021-22 തീയതി : 27.01.2023 -ന് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്ന മറുപടി അറിയിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിലും അപാകതകളുടെ അടിസ്ഥാനത്തിലും പദ്ധതിക്കായി ചെലവിട്ട 15400/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 ഹരിതകർമ്മസേനയുടെ ചെലവുകൾ - 207464/- രൂപ തടസ്സപ്പെടുത്തുന്നു.

(A)

| | |
|---|---|
| പ്രോജക്ട് നം. | SO 184/2022 |
| പേര് | ഹരിതസഹായസ്ഥാപനത്തിന് പ്രതിഫലം നൽകൽ |
| അടങ്കൽ | 137226/-(വി.ഫ-ധ.ക.അ) |
| ചെലവ് | രൂ.137226/- |
| ബിൽ നം. | 01/2021-22 രൂ.114355 തി. 29.10.2021<br>02/2021-22 രൂ.22871 തി. 15.12.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ ,സർക്കിൾ സി |

(B)

| | |
|---|---|
| പ്രോജക്ട് നം. | 217/2022 |
| പേര് | ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ |
| അടങ്കൽ | 300000/-(വി.ഫ-ധ.ക.അ) |
| ചെലവ് | രൂ.70238/- |
| ബിൽ നം. | എസിആർ ബിൽ നം.154/30.11.2021 രൂ.57388/-<br>എ സി ആർ ബിൽ നം.293/14.03.2022 രൂ.12850/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ ,സർക്കിൾ സി |

മേൽ പ്രോജക്ടുകൾ വഴി ഗ്രാമപഞ്ചായത്തിന്റെ ഹരിതസഹായസ്ഥാപനമായ AMAS- ന് കൺസൾട്ടൻസി ഫീസ് നൽകുന്നതിനായി 137226/- രൂപയും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി 70238/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഹരിതസഹായ സ്ഥാപനവുമായി ബന്ധപ്പെട്ട ചെലവുവിവരങ്ങൾ പരിശോധിക്കുന്നതിലേക്കായി ടി സ്ഥാപനത്തിൽ നിന്നും ഗ്രാമപഞ്ചായത്തിന് പൊതുവായും ഹരിതകർമ്മസേനക്ക് പ്രത്യേകിച്ചും 15.07.2017 ലെ സർക്കാർ ഉത്തരവ് (സാധാ)നം 2420/2017/ത.സ്വ.ഭ.വ ,12.08.2020 ലെ സർക്കാർ ഉത്തരവ് (സാധാ)നം 1496/2020/ത.സ്വ.ഭ.വ എന്നിവ പ്രകാരമുള്ള സേവനങ്ങൾ തിരികെ ലഭ്യമായതിനുള്ള അധികവിവരങ്ങൾ, റിപ്പോർട്ടുകൾ, ഇതുസംബന്ധിച്ച തെളിവുകൾ എന്നിവയും ഹരിതസഹായസ്ഥാപനവുമായി ഉണ്ടാക്കിയ കരാറും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കുള്ള ചെലവ് പരിശോധനക്കായി ചെലവിനുള്ള വൗച്ചറുകൾ/കൈപ്പറ്റ് രസീതുകൾ/സ്റ്റോക്ക്-ഇഷ്യൂ രജിസ്റ്ററുകൾ എന്നിവയും ഹരിതകർമ്മസേനയുടെ /കൺസോർഷ്യത്തിന്റെ വരവ്-ചെലവ് വിവരങ്ങൾക്കുള്ള രസീതു ബുക്കുകൾ,കളക്ഷൻ രജിസ്റ്ററുകൾ,ബാങ്ക് പാസ്സ് ബുക്ക് ഉൾപ്പടെയുള്ള രേഖകൾ/രജിസ്റ്ററുകൾ എന്നിവയും കൂടാതെ , തരം തിരിച്ചു നൽകിയ അജൈവ മാലിന്യങ്ങൾക്കായി ക്ലീൻ കേരള കമ്പനി പഞ്ചായത്തിന് നൽകിയ തുക വിവരം, ലെഗസി

വേസ്റ്റ് നീക്കം ചെയ്യുന്നതിനായി ക്ലീൻ കേരളക്ക് ഗ്രാമപഞ്ചായത്ത് നൽകേണ്ടി വന്ന തുകയുടെ വിവരം തുടങ്ങിയവയും ക്ലീൻ കേരള കമ്പനിയുമായി ഗ്രാമപഞ്ചായത്ത് ഉണ്ടാക്കിയ കരാർ സഹിതം ഓഡിറ്റ് എൻക്വയറി നമ്പർ - 07/2021-22 തീയതി : 27.01.2023 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിൻമേൽ ആവശ്യപ്പെട്ടിരുന്ന രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല.പദ്ധതികൾ നടപ്പിലാക്കിയതു സംബന്ധിച്ചുണ്ടായ ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കാത്ത കാരണത്താൽ ഹരിതസഹായസ്ഥാപനത്തിനു നൽകാനായും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായും മേൽ പദ്ധതികൾ പ്രകാരം ചെലവിട്ട 207464/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 മൃഗസംരക്ഷണ മേഘലയിലെ പദ്ധതികളുടെ അപേക്ഷകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല.

1.

| | |
|---|---|
| പ്രോജക്ട് നമ്പർ | 039/2022 |
| പ്രോജക്ടിന്റെ പേര്. | പശു വളർത്തൽ (ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ തുക | 2080000/- |
| ചെലവായ തുക | 400000/- |

2.

| | |
|---|---|
| പ്രോജക്ട് നമ്പർ | 040/2022 |
| പ്രോജക്ടിന്റെ പേര്. | പശു വളർത്തൽ (വനിത) |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ തുക | 2760000/- |
| ചെലവായ തുക | 560000/- |

മേൽ പറഞ്ഞ ക്രമ നമ്പർ 1, 2 പ്രോജക്ടുകളിലേയും അപേക്ഷയോടൊപ്പമുള്ള വെറ്ററിനറി സർജന്റെ സാക്ഷ്യപത്രത്തിൽ വിശദാംശങ്ങളൊന്നും രേഖപ്പെടുത്താതെ സാക്ഷ്യപ്പെടുത്തൽ മാത്രം ചെയ്തിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21 തീ.30.01.23) ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്താമെന്നും ഭാവിയിൽ ഇത്തരം വീഴ്ചകൾ വരുത്താതെ ശ്രദ്ധിക്കാമെന്നും മറുപടി നൽകി.

## 1-34 വാഹന വാടക - ആദായനികുതി ഈടാക്കിയില്ല.

പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി ഭവനസന്ദർശനം നടത്തിയതിന് വാഹനം(ടാക്സി നം.K L-16 L 494) ഓടിയ വകയിൽ വാടക ഇനത്തിൽ കരാറുകാരനായ ശ്രീ.ശാമുവൽ ജോസിന് 156200/- രൂപ നൽകിയിട്ടുണ്ട്. ആദായ നികുതി സെക്ഷൻ 194 സി പ്രകാരം വാഹന വാടകയിനത്തിൽ ഒരു വ്യക്തിക്ക് ഒരു വർഷം നൽകുന്ന തുക 100000/- രൂപയിൽ അധികരിക്കുന്നു എങ്കിൽ കരാറുകാരനിൽ നിന്ന് 1% ആദായ നികുതി ഈടാക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.10/27.01.23)ക്ക് മറുപടി ലഭ്യമാക്കിയില്ല. വാഹനവാടക ഇനത്തിൽ നല്കിയ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മാസം | തുക |
|---|---|---|
| 1 | 04/21, 05/21, 06/21 | 52800/- |
| 2 | 07/21 | 17600/- |
| 3 | 08/21 | 17600/- |
| 4 | 09/21 | 16500/- |
| 5 | 10/21 | 17600/- |
| 6 | 11/21 | 16500/- |
| 7 | 12/21 | 17600/- |
| | ആകെ | 156200/- |

ഭാവിയിൽ ഇത്തരം വീഴ്ചകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 ചെലവ് രേഖകൾ ഹാജരാക്കിയില്ല - 6,82,600/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 166/22 |
| പ്രോജക്ടിന്റെ പേര് | സി.എഫ്.എൽ.ടി.സി/സി.എസ്.എൽ.ടി.സി എന്നിവടങ്ങളിൽ മെഡിക്കൽ ഉപകരണങ്ങളും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിന്. |
| അടങ്കൽ തുക | 2000000/- 1177925/- ( വികസന ഫണ്ട്)<br>822075/- ( തനത് ഫണ്ട്) |
| ചെലവായ തുക | 1954584/- 1156430/-( വികസന ഫണ്ട്)<br>798154/- ( തനത് ഫണ്ട് ) |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും 1271984/- രൂപയുടെ ചെലവ് രേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. ഹാജരാക്കിയ രേഖകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉത്തരവ് നം./തീയതി | തുക | തുക ചെലവഴിച്ചത് |
|---|---|---|---|
| 1 | 12/11.06.21 | 6110/- | കോവിഡ് രോഗികൾക്ക് എക്സ്-റേ എടുത്തത്. |
| 2 | 34/22.07.21 | 7800/- | കോവിഡ് രോഗികൾക്ക് എക്സ്-റേ എടുത്തത്. |
| 3 | 51/16.08.21 | 1690/- | കോവിഡ് രോഗികൾക്ക് എക്സ്-റേ എടുത്തത്. |
| 4 | 52/16.08.21 | 687758/- | മരുന്ന് വാങ്ങിയത് |
| 5 | 53/16.08.21 | 138507/- | മരുന്ന് വാങ്ങിയത് |
| 6 | 54/16.08.21 | 12000/- | ആംബുലൻസ് സേവനം |
| 7 | 55/16.08.21 | 8995/- | മരുന്ന് വാങ്ങിയത് |
| 8 | 56/16.08.21 | 1440/- | മരുന്ന് വാങ്ങിയത് |
| 9 | 57/16.08.21 | 56000/- | RGCB -മെഡിക്കൽ ലാബിന് നൽകിയത് |
| 10 | 58/16.08.21 | 4320/- | ദിനപത്രം വാങ്ങിയത് |
| 11 | 91/12.10.21 | 13000/- | കോവിഡ് രോഗികൾക്ക് എക്സ്-റേ എടുത്തത്. |
| 12 | 124/12.11.21 | 801/- | മരുന്ന് വാങ്ങിയത് |
| 13 | 127/12.11.21 | 1430/- | കോവിഡ് രോഗികൾക്ക് എക്സ്-റേ എടുത്തത്. |
| 14 | 128/12.11.21 | 36000/- | ആംബുലൻസ് സേവനം |
| 15 | 129/12.11.21 | 116543/- | മരുന്ന് വാങ്ങിയത് |
| 16 | 130/12.11.21 | 26650/- | മരുന്ന് വാങ്ങിയത് |
| 17 | 166/09.12.21 | 27300/- | മരുന്ന് വാങ്ങിയത് |

| | | | |
|---|---|---|---|
| 18 | 183/30.12.21 | 125640/- | മരുന്ന് വാങ്ങിയത്. |
| | ആകെ | 1271984 | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.29/23 തീ.31.01.23) ന് മറുപടി ലഭ്യമാക്കിയില്ല. 682600/-രൂപയുടെ ചെലവ് രേഖകൾ കൂടി ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 ചെലവ് രേഖകളുടെ അഭാവത്തിൽ 72450/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 88/22 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ |
| അടങ്കൽ തുക | 1756000/- 1700000/- (വികസന ഫണ്ട്)<br>56000/- ( തനത് ഫണ്ട്) |
| ചെലവായ തുക | 1226303/- 1176303/-(വികസന ഫണ്ട്)<br>50000/- ( തനത് ഫണ്ട് ) |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും 1153853/- രൂപയുടെ ചെലവ് രേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. 72450/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29/23 തീ.31.01.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 72450/-രൂപ തടസ്സം ചെയ്യുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 ലക്ഷങ്ങൾ ചെലവഴിച്ചു - ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്0109/22 |
| പ്രോജക്ടിന്റെ പേര് | സ്മാർട്ട് അംഗൻവാടിയാക്കി മാറ്റൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| അടങ്കൽ തുക | 5982000/-(മെയിന്റൻസ് റോഡിതരം) |
| ചെലവായ തുക | 5423554/- |
| ബിൽ നമ്പർ/ തീയതി /തുക | 02/21-22 തീ. 29.12.21 രൂ. 1500000/- |
| | 03/21-22 തീ. 03.01.22 രൂ. 1488991/- |
| | 04/21-22 തീ. 28.02.22 രൂ. 470000/- |
| | 05/21-22 തീ. 31.03.22 രൂ. 850000/- |
| | 06/21-22 തീ. 31.03.22 രൂ. 850000/- |
| | 08/21-22 തീ. 31.03.22 രൂ. 264563/- |

പഞ്ചായത്തിലെ പൂവൻകുഴി, ചിറത്തലയ്ക്കൽ, പനച്ചമൂട്, കുതാളി, മാന്നൂർ നാടാർകോണം എന്നീ അംഗൻവാടികളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തി സ്മാർട്ട് അംഗൻവാടിയാക്കി മാറ്റുകയും സാങ്കേതിക വിദ്യാഭ്യാസ സൗകര്യം ഒരുക്കി വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി നടപ്പിലാക്കുന്നതിനുമാണ് പ്രസ്തുത പദ്ധതികൊണ്ട് ലക്ഷ്യം വച്ചത്. 30.10.2021 ന് നടന്ന അടിയന്തിര യോഗത്തിലെ 1/1 നമ്പർ തീരുമാനപ്രകാരം "സ്മാർട്ട് അംഗൻവാടിയാക്കി മാറ്റൽ "എന്ന പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ അംഗീകൃത ഏജൻസിയായ കാഡ്കോ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

ശിശു സൗഹാർദ്ദ ടോയ്‌ലെറ്റ്, പാർക്ക്, ഇൻഡോർ കളി സാധനങ്ങൾ, ലാപ്ടോപ്പ്, ബേബി ഡബിൾ ടക്കർ കട്ടിൽ,

ജി.ഐ. ഷീറ്റ് ഉപയോഗിച്ചുള്ള റൂഫ് വർക്ക്, ബുക്ക് ഷെൽഫ്, ജിപ്സം ബോർഡ് സീലിംഗ്, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് വർക്ക്, സീലിംഗ്ഫാൻ, തുടങ്ങിയവയാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ, ഓഡിറ്റ് ടീം 31.01.2023 ന് 84 -ാം നമ്പർ അംഗൻവാടിയായ ചിറത്തലയ്ക്കലിൽ നടത്തിയ സ്ഥലപരിശോധനയിൽ മേൽ പദ്ധതി പ്രകാരം വാങ്ങിയ എല്ലാ സാധനങ്ങളും റൂഫ് ടോപ്പിൽ ഉപയോഗരഹിതമായി കിടക്കുന്നത് കാണപ്പെട്ടു. ഇത്രയും തുക ചെലവിട്ട പദ്ധതിക്ക് ലക്ഷ്യം കൈവരിക്കാൻ സാധിച്ചില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അതിനാൽ, വികസന സ്റ്റാൻറിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ മേൽ പദ്ധതിയിലൂടെ വാങ്ങിയ സാധനങ്ങൾ ഉപയോഗപ്രദമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവഴിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 1057912 | 3641418 | ലൈഫ് ഭവനപദ്ധതി(ജനറൽ) | 920000 | |
| | | | | ന്യൂലൈഫ്-ലക്ഷം വീട് കോളനി നവീകരണം | 1440000 | |
| | - | | | സ്നേഹസ്പർശം | 456000 | |
| | | | | ക്ഷീരസമൃദ്ധി (വനിത) | 497772 | |
| | | | | ക്ഷീരസമൃദ്ധി (ജനറൽ) | 407646 | |
| ആകെ | | 1057912 | 3641418 | | 3721418 | 1057912* |
| ബ്ലോക്ക് പഞ്ചായത്ത് | | 1852593 | 2035949 | ലക്ഷം വീട് കോളനി യിലെ വീടുകളുടെ പുനരുദ്ധാരണം (ജനറൽ) | 420000 | |
| | | | | ലൈഫ് ഭവനപദ്ധതി(ജനറൽ) | 800000 | |
| | | | | സ്നേഹസ്പർശം | 456000 | |
| | | | | ക്ഷീരസമൃദ്ധി (വനിത) | 146589 | |
| | | | | ക്ഷീരസമൃദ്ധി (ജനറൽ) | 455493 | |
| ആകെ | | 1852593 | 2035949 | | 2278082 | 1852593** |

*ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പിൽ 80000/- രൂപയുടെ വ്യത്യാസം ഉണ്ട്.

** ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പിൽ 242133/- രൂപയുടെ വ്യത്യാസം ഉണ്ട്. പ്രസ്തുത അപാകതകൾ ക്രമപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവ് തുക | ഏജൻസിയിൽ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | കൃഷ്ണപുരം വാർഡിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ 133/22 | 9300 | 0 | 9300 |
| കെ.എസ്.ഇ.ബി | മാർഗതടസ്സമായി വൈദ്യുതി പോസ്റ്റ് മാറ്റൽ 203/22 | 97709 | 0 | 97709 |

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | മുന്നിരിപ്പ് B-18 പ്രകാരം | തൻ വർഷം നൽകി തുക | ആകെ | നീക്കിയിരിപ്പ് പ്രകാരം |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | 4001783 | 107009 | 4108792* | 4151783 |
| 2 | കെ.ഡബ്ല്യു.എ | 3331601 | | | 3331601 |
| 3 | അനെർട്ട് | 440000 | | | 440000 |

*കെ.എസ്.ഇ.ബി യ്ക്ക് നൽകിയ തുകയിൽ 2021-22 വാർഷിക ധനകാര്യപത്രിക ബി-18 ഷെഡ്യൂൾ പ്രകാരം 4151783/- രൂപയാണ്. 42,991/- വ്യത്യാസം ഉണ്ട്. പ്രസ്തുത വ്യത്യാസത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ് (വാർഷിക ധനകാര്യപത്രിക പ്രകാരം)

| വായ്പ വിവരം | ഉത്തരവ് നമ്പർ/ തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ച തുക | തൻ വർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KURDFC ലോൺ | ലഭ്യമാക്കിയിട്ടില്ല | | 102746741 | 6864000 | 10208001 | 89194739 |

വായ്പാ രജിസ്റ്റർ കാലികമാക്കാത്തതിനാൽ തിരിച്ചടവിന്റെ വിവരങ്ങൾ ആധികാരികമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയിൽ 10208001/- രൂപയുടെ വ്യത്യാസം ഉണ്ട്. ആയത് ക്രമപ്പെടുത്തി അറിയിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| ബാങ്കിന്റെ പേര് | നിക്ഷേപ തീയതി | നിക്ഷേപ തുക | നിക്ഷേപ കാലാവധി പൂർത്തീയാകുന്ന തീയതി |
|---|---|---|---|
| ബാങ്ക് ഓഫ് ബറോഡ | 20.03.2020 | 2697942 | 20.03.2023 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3-9 | | | ടെക്നിക്കൽ സാങ്ഷൻ വാങ്ങാതെ മരാമത്ത് പ്രവൃത്തികൾ നടത്തി. | പരാമർശം നിലനിൽക്കുന്നു. |
| 2008-09 | 3-3 | | | ഗ്രാമലക്ഷ്മി മുദ്രാലയം അച്ചടിജോലികൾ | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ്- സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 44331066 |
| ഓഡിറ്റ് വർഷത്തെ വരവ് | 156356178 |
| ആകെ | 200687244 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 150837542 |
| നീക്കിയിരിപ്പ് | 49849702 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,55,94,209 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമനമ്പർ | ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗസ്ഥപ്പേരും |
|---|---|---|---|
| 1 | 1-19 | 2,00,000 | ശ്രീ.അനിൽ കുമാർ.ആർ.എസ്, സെക്രട്ടറി |
| 2 | 1-19(1) | 1,07,009 | ശ്രീ.അനിൽ കുമാർ.ആർ.എസ്, സെക്രട്ടറി |
| 3 | 1-20 | 4,65,000 | ശ്രീ. ശ്രീരാഗ്.ആർ.കെ , അസി.എഞ്ചി |
| 4 | 1-21 | 9,45,536 | ശ്രീ.സുനിൽ മെഡി. ഓഫീസർ |
| 5 | 1-24 | 3,68,750 | ശ്രീമതി അരുണ,വെറ്റ. സർജൻ |
| 6 | 1-26(A), 1-26(B) | 1,51,20,000 | ശ്രീമതി വിനി ജോസഫ്., വി.ഇ.ഒ സർക്കിൾ ബി |
| 7 | 1-27 | 4,20,000 | ശ്രീമതി വിനി ജോസഫ്, വി.ഇ.ഒ സർക്കിൾ ബി |
| 8 | 1-28 | 14,60,000 | ശ്രീമതി വിനി ജോസഫ്, വി.ഇ.ഒ സർക്കിൾ ബി |
| 9 | 1-29 | 32,80,000 | ശ്രീ.ഷിബു വിൽസൻ, വി.ഇ.ഒ സർക്കിൾ സി |
| 10 | 1-30 | 22,50,000 | ശ്രീ.ഷിബു വിൽസൻ. വി.ഇ.ഒ സർക്കിൾ സി |
| 11 | 1-31 | 15,400 | ശ്രീ.ഷിബു വിൽസൻ. വി.ഇ.ഒ സർക്കിൾ സി |
| 12 | 1-32 | 2,07,464 | ശ്രീ.ഷിബു വിൽസൻ. വി.ഇ.ഒ സർക്കിൾ സി |
| 13 | 1-35 | 6,82,600 | ശ്രീ.അനിൽ കുമാർ.ആർ.എസ്, സെക്രട്ടറി |
| 14 | 1-36 | 72,450 | ശ്രീ.സുനിൽ മെഡി. ഓഫീസർ |
| | ആകെ | 2,55,94,209 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അനിൽകുമാർ. ആർ.എസ്, സെക്രട്ടറി | കുറ്റിച്ചൽപഞ്ചായത്ത്, | ശ്രുതിലയം,Tc 55/1309(13), മരുളൂർകടവ്, കരമന(പി.ഒ) |
| ഡോ.സുനിൽ, മെഡിക്കൽ ഓഫീസർ | വെള്ളറടകുടുംബാരോഗ്യകേന്ദ്രം | ഒലീവ് ലീവ്സ്, ഉദിയൻകുളങ്ങര, അമരവിള (പി.ഒ), തിരുവനന്തപുരം 695506. |
| ശ്രീമതി വിനി ജോസഫ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വി.ഇ.ഒ, വെള്ളറട (ബി സർക്കിൾ) | സിനി ഭവൻ, കുടപ്പനമൂട്, കുടപ്പനമൂട് പി ഒ |
| ശ്രീ.ഷിബു വിൽസൺ,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. | വി.ഇ.ഒ.വെള്ളറട (സി സർക്കിൾ) | നെല്ലിക്കാലവീട്, ആനാവൂർ |
| ശ്രീ.ശ്രീരാഗ്.ആർ.കെ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | അദ്വൈദം, പുലിയൂർക്കോണം ഈസ്റ്റ്, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | KSATVM/GP7/512/2022 Dtd 25.10.22 | 2 |
| 2002-03 | KSATVM/GP7/512/2022 Dtd 25.10.22 | 4 |
| 2006-07 | KSATVM/GP7/512/2022 Dtd 25.10.22 | 3 |
| 2007-08 | KSATVM/GP7/512/2022 Dtd 25.10.22 | 2 |
| 2008-09 | KSATVM/GP7/512/2022 Dtd 25.10.22 | 8 |
| 2009-10 | KSATVM/GP7/512/2022 Dtd 25.10.22 | 4 |
| 2011-12 | KSATVM/GP7/512/2022 Dtd 25.10.22 | 2 |
| 2013-14 | KSATVM/GP7/512/2022 Dtd 25.10.22 | 3 |
| 2014-15 | KSATVM/GP7/512/2022 Dtd 25.10.22 | 2 |
| 2015-16 | KSATVM/GP7/512/2022 Dtd 25.10.22 | 8 |
| 2016-17 | KSATVM/GP7/512/2022 Dtd 25.10.22 | 7 |
| 2017-18 | KSATVM/GP2/2623/2018 Dtd 28.03.2019 | 32 |
| 2018-19 | KSATVM/GP2/1821/2019 Dtd 22.10.2019 | 35 |
| 2019-20 | KSATVM/GP2/1490/2021 Dtd 18.12.2021 | 49 |
| 2020-21 | KSATVM/GP2/1647/2021 Dtd 18.12.2021 | 33 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ബി.റ്റി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്